For Private Circulation Only

July 2025

ആഗമനാരുണൻ

HOLY BIBLE

Vol.72 | “ തളർന്നിരിക്കുന്നവനെ വാക്കുകൊണ്ടും താങ്ങുവാൻ അറിയേണ്ടതിന് യഹോവയായ കർത്താവ് എനിക്കു ശിഷ്യന്മാരുടെ നാവു തന്നിരിക്കുന്നു ” (യെശ. 50:4) | No.7

ദൈവവചനവും പ്രാർത്ഥനയും

By Andrew Murray

“ നിങ്ങൾ എന്നിലും എന്റെ വചനം നിങ്ങളിലും വസിച്ചാൽ നിങ്ങൾ ഇച്ഛിക്കുന്നത് എന്തെങ്കിലും അപേക്ഷിപ്പിൻ അത് നിങ്ങൾക്ക് കിട്ടും ” (യോഹ. 15:7).

നമ്മുടെ ആത്മീക ജീവിതത്തിൽ പ്രത്യേകാൽ നമ്മുടെ പ്രാർത്ഥനാ ജീവിതത്തിൽ ക്രിസ്തുവിനും ദൈവത്തിന്റെ വചനത്തിനും ഉള്ള സ്വാധീനം ഇവിടെ തുറന്നു കാട്ടുന്നു. ദൈവം നിത്യനാണ്, ആ ദൈവത്തിൽ ജീവനും ശക്തിയും, ആത്മാവും സത്യവും അതിന്റെ എല്ലാ അർത്ഥത്തിലും അടങ്ങിയിരിക്കുന്നു. ദൈവം താൻ തന്റെ വചനത്തിലൂടെ സംസാരിക്കുന്നു. അവിടുന്ന് നമുക്കായി തന്നെത്തന്നെ ഏല്പിച്ചു തരുന്നു, അവിടുത്തെ ശക്തിയും, അവിടുത്തെ വചനം ഏറ്റെടുക്കുന്നവർക്കു നൽകുന്നു. അവിടുന്ന് നമ്മെ അറിയുന്നു. തന്റെ ഓരോ വാഗ്ദത്തത്തിലും നമ്മുടെ ശക്തിയിന്മേൽ അവിടുത്തെ ശക്തി പകരുന്നു. അവിടുത്തെ ഓരോ കല്പനയിലും അവിടുത്തെ ശക്തി നമ്മുടെ മേൽ പകർന്ന്, തന്റെ ഇഷ്ടം അവിടുത്തെ വിശുദ്ധിയും, അവിടുത്തെ പൂർണ്ണതയും നമ്മുടെമേൽ പകരുന്നു. ദൈവചനത്തിൽ, ദൈവം തന്നെത്തന്നെ നമുക്കു തരുന്നു. നിത്യപുത്രൻ, കർത്താവായ യേശുക്രിസ്തുവിനെക്കാൾ ഒട്ടും ചെറുതല്ല ദൈവവചനം. ക്രിസ്തുവിന്റെ വചനങ്ങളെല്ലാം ദൈവവചനവുമാകുന്നു. ആകമാനം ദിവ്യത്വവും ജീവനും ശക്തിയും ആകുന്നു. “ ഞാൻ നിങ്ങളോട് സംസാരിച്ച വചനങ്ങൾ ആത്മാവും ജീവനും ആകുന്നു ” (യോഹ. 6:63).

ചെകിടന്മാരെ സൃഷ്ടിച്ചവൻ, അവരുടെ പഠിത്തത്തെ നിയന്ത്രക്കുന്നവൻ, സംസാരിപ്പാനുള്ള കഴിവ്, അവന്റെ കേൾവിയെ ആശ്രയിച്ചിരിക്കും തങ്ങളുടെ സംസാരവും. വിശാലമായ അർത്ഥത്തിലും ഇത് ശരിയാണ്; എത്രത്തോളം കേൾക്കും, അതനുസരിച്ച് സംസാരിക്കും. ദൈവത്തോടുള്ള കൂട്ടായ്മയുടെ കാര്യത്തിലും ഇത് ശരിയാണ്. ആത്മാവിൽ പ്രാർത്ഥിക്കുമ്പോൾ, കർത്താവിനെ കണ്ടെത്തി അവിടുത്തെ തൊട്ടു സംസാരിക്കുമ്പോൾ, കാണപ്പെടാത്ത ലോകത്തിന്റെ ശക്തിയും സ്വാധീനവും നമ്മെ സ്പർശിക്കുമ്പോൾ, ആ പ്രാർത്ഥന, ആ സംസാരം, അത് എത്രത്തോളം ദൈവവചനം നാം കേട്ടു എന്നുള്ളതിനെ ആശ്രയിച്ചാണ് ഇരിക്കുന്നത്. എത്രത്തോളം നാം ദൈവവചനത്തിന് അവിടുത്തെ ഭാഷയ്ക്കും നാം ശ്രദ്ധ കൊടുക്കുമോ, അവിടുത്തെ വചനത്തിനും ചിന്തകൾക്കും, അവിടുത്തെ മനസിനും, നമ്മുടെ ഹൃദയത്തിലേയ്ക്കുള്ള അവിടുത്തെ ജീവനും, ദൈവം കേൾക്കുന്ന ശബ്ദവും ഭാഷയും നാം പഠിക്കേണ്ടതാണ്. “തളർന്നിരിക്കുന്നവനെ വാക്കുകൊണ്ട് താങ്ങുവാൻ അറിയേണ്ടതിന് യഹോവയായ കർത്താവ് എനിക്ക് ശിഷ്യന്മാരുടെ നാവ് തന്നിരിക്കുന്നു; അവൻ രാവിലെതോറും ഉണർത്തുന്നു; ശിഷ്യന്മാരെപ്പോലെ കേൾക്കേണ്ടതിന് അവൻ എന്റെ ചെവി ഉണർത്തുന്നു ” (യെശ. 50:4).

അവിടുത്തെ വചനത്തിലൂടെയുള്ള ദൈവീക കൂട്ടായ്മ

ദൈവവചനം പഠിക്കുക എന്നുള്ളത് കുറച്ചുകൂടെ ചിന്തയോടുകൂടെയുള്ള പഠിത്തമാണ്. ദൈവചനത്തിലുള്ള പഠിത്തം അഥവാ അറിവ് ദൈവത്തോടുള്ള ശരിയായ കൂട്ടായ്മയാണ്. എന്നാൽ ദൈവചവന വായനയും പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിലുള്ള ദൈവത്തിന്റെ സാന്നിദ്ധ്യവും ദൈവവചനവും ദൈവത്തിൽ നിന്നും ദൈവശക്തിയായി നമ്മിലേക്ക് വരുന്നു. ഇതു നമുക്കു ദൈവ ശബ്ദമാണ്, ദൈവവുമായുള്ള യഥാർത്ഥ വ്യക്തിപരമായ കൂട്ടായ്മ. ഇത് നമ്മുടെ ഹൃദയത്തിലേക്ക് പ്രവേശിക്കുന്ന ദൈവത്തിന്റെ ശബ്ദം, അത് അനുഗ്രഹവും ശക്തിയും പകരുന്നു. അത് ജീവനുള്ള വിശ്വാസത്തെ സംബന്ധിച്ചു നമ്മെ ഓർമ്മപ്പെടുത്തുകയും അത് ദൈവത്തിന്റെ ഹൃദയത്തെ വീണ്ടും നമ്മെ അറിയുമാറാക്കുന്നു.

ഈ വചനകേൾവി വിശ്വസിക്കുവാനും അനുസരിക്കുവാനുമുള്ള ശക്തി നമുക്കു തരുന്നു. നാം ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ചുള്ള അറിവല്ല പ്രധാനകാര്യം ദൈവം പറയുന്നത് കേൾക്ക എന്നതാണ് പ്രധാനം. ന്യായപ്രമാണമല്ല, പുസ്തകം അല്ല, ഏതാണ് ശരിയെന്നതിനെക്കുറിച്ചുള്ള അറിവല്ല, അവിടുത്തെ കൂട്ടായ്മയിൽ വ്യക്തിപരമായ സ്വാധീനമാണ്. ദൈവം വാഗ്ദത്തം ചെയ്തതിനെക്കുറിച്ചുള്ള അറിവല്ല, വാഗ്ദത്തം ചെയ്ത ദൈവത്തിന്റെ സാന്നിദ്ധ്യം നമ്മെ വിശ്വസിക്കുവാനും അനുസരിക്കുവാനും പ്രാർത്ഥനയിൽ നമ്മെ ഓർമ്മപ്പെടുത്തുന്നു. ദൈവത്തിന്റെ പൂർണ്ണ സാന്നിദ്ധ്യം ഉള്ളപ്പോൾ അനുസരണക്കേടിനും അവിശ്വാസത്തിനും സ്ഥാനമില്ല.

“ നിങ്ങൾ എന്നിലും എന്റെ വചനം നിങ്ങളിലും വസിച്ചാൽ നിങ്ങൾ ഇച്ഛിക്കുന്നത് എന്തെങ്കിലും അപേക്ഷിപ്പിൻ; അതു നിങ്ങൾക്കു കിട്ടും”. ഇതിന്റെ അർത്ഥം വചനത്തിലൂടെ രക്ഷകൻ എല്ലാം നമുക്കു നൽകുന്നു എന്നാണ്. നമ്മിൽ വചനം ഉണ്ടായിരിക്കേണം. നമ്മുടെ മനസ്സിലും ജീവിതത്തിലും അത് ഏറ്റെടുക്കേണം, അത് നമ്മുടെ പെരുമാറ്റത്തിലും സ്വഭാവത്തിലും വെളിപ്പെടേണം. അവ നമ്മിൽ വസിക്കണം. നമ്മുടെ മുഴു ജീവിതത്തിലും അത് നിറയണം. അവ നമ്മിൽ വസിക്കേണം. നമ്മുടെ മുഴു ജീവിതത്തിലും അത് നിറയേണം. വചനം നമ്മിൽ ക്രിസ്തുവിനെ വെളിപ്പെടുത്തേണം. അത് ജീവതത്തിലൂടെ വെളിപ്പെടേണം. ക്രിസ്തുവിന്റെ വചനം നമ്മിൽ പ്രവേശിക്കുമ്പോൾ,

(ശേഷം 2-ാംപേജിൽ)

(1-ാംപേജിന്റെ തുടർച്ച)

ദൈവവചനവും പ്രാർത്ഥനയും

അത് ജീവിതത്തിൽ സ്വാധീനിക്കും. നമ്മുടെ വാക്കുകൾ അവിടുത്തെ ഹൃദയത്തെ സ്വാധീനിക്കും. എന്റെ പ്രാർത്ഥന എന്റെ ജീവിതത്തെ സ്വാധീനിക്കും. ദൈവത്തിന്റെ വചനം എന്നിലേക്കും, എന്നിലും എന്റെ വാക്കുകൾ ദൈവത്തിങ്കലേയ്ക്കും ദൈവത്തിലും ആകുന്നു.

ദൈവത്തിന്റെ വചനത്തിലേക്കുള്ള ഒരു സ്നേഹ പ്രതികരണം

എത്ര നന്നായിട്ടാണ് പഴയനിയമ വിശുദ്ധന്മാർ ദൈവത്തിന്റെ വചനങ്ങളും നമ്മുടെ വചനങ്ങളും തമ്മിൽ ഇണക്കി മനസിലാക്കിയിരിക്കുന്നത്, പ്രാർത്ഥന എങ്ങനെയാണ് യഥാർത്ഥത്തിൽ ഇതിൽ ബന്ധപ്പെടുത്തിയിരിക്കുന്നത്. എന്താണ് ദൈവം സംസാരിക്കുന്നതും മനുഷ്യർ കേൾക്കുന്നതും. വചനം ഒരു വാഗ്ദത്തം ആയിരുന്നു എങ്കിൽ, ദൈവം അരുളിചെയ്തത് നിവർത്തിപ്പാൻ ബാദ്ധ്യസ്ഥനാണ് എന്ന് എണ്ണുമായിരുന്നു. " നീ അരുളിചെയ്തത് നവർത്തിക്ക ". "നിനക്കുവേണ്ടി ദൈവം അരുളി ചെയ്തിരിക്കുന്നു ". " നിന്റെ വാഗ്ദത്തപ്രകാരം". നിന്റെ വചനപ്രകാരം. തുടങ്ങിയുള്ള പദപ്രയോഗങ്ങൾ അവർ ചൂണ്ടിക്കാട്ടുന്നു, ദൈവം വാഗ്ദത്തങ്ങളിൽ സംസാരിച്ചു, അത് അതിന്റെ വഴിയും ജീവിതവുമാകുന്നു, അവർ പ്രാർത്ഥനയിൽ അത് സംസാരിച്ചു.

വചനം ഒരു കല്പനയായിരുന്നു എങ്കിൽ, ദൈവം അരുളിചയ്തു എന്നതിന്റെ അടിസ്ഥാനത്തിൽ അവർ ചെയ്യും. " യഹോവ കല്പിച്ചതുപോലെ അബ്രഹാം പുറപ്പെട്ടു ". (ഉല്പത്തി 12:4). അവരുടെ ജീവിതം ദൈവത്തോടുള്ള കൂട്ടായ്മയായിരുന്നു, വാക്കിലും ചിന്തയിലുമുള്ള ആന്തരിക പ്രവർത്തനം. എന്താണ് ദൈവം സമസാരിച്ചത്, അത് അവർ കേട്ടു ചെയ്തു. തന്റെ ഓരോ വചനങ്ങളിലും അവിടുന്ന് നമ്മോട് സംസാരിക്കുന്നു, അവിടുത്തെ വാഗ്ദത്തപ്രകാരം ക്രിസ്തുവിനെ പൂർണ്ണമായി നമുക്കുവേണ്ടി നൽകി. ഓരോ വചനവും ഒട്ടും കുറയാതെ നമ്മോട് ചോദിക്കുന്നത് നമ്മെ പൂർണ്ണമായി നൽകി, അവിടുത്തെ കല്പനകൾ പൂർണ്ണമായി നിറവേറ്റുക എന്നാണ്.

ആഗ്രഹിക്കുന്ന നിർദ്ദേശങ്ങൾ

എന്റെ വചനം നിങ്ങളിൽ വസിക്കുന്നു എങ്കിൽ. വ്യവസ്ഥ ലഘുവും വ്യക്തവുമാണ്. തന്റെ വചനത്തിൽ അവിടുത്തെ ഇഷ്ടം വെളിപ്പെട്ടിരക്കുന്നു. വചനം വസിക്കുന്നു എന്ന നിലയിൽ തന്റെ ഇഷ്ടം നമ്മെ നടത്തുന്നു. എന്റെ ഇഷ്ടം ഒരു ഒഴിഞ്ഞ പാത്രമായി, ദൈവത്തിന്റെ ഇഷ്ടം കൊണ്ട് അതിനെ നിറയ്ക്കുന്നു. ആഗ്രഹിക്കുന്ന ഉള്ളങ്ങളെ നിറയ്ക്കുന്നു. ഇത് ഒരു ആന്തരിക നിറവാണ്.

അനുദിന വിശ്വാസത്തിലും അനുസരണത്തിലും ഞാൻ എപ്പോഴും ശക്തനായിത്തീരും, ആന്തരികവും ആഴവുമായി ദൈവവുമായി

(ശേഷം 3-ാംപേജിൽ)

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

2025 ജൂൺ മാസം നമ്മെ വിട്ട് കടന്നു പോയി ജൂലൈ മാസത്തിലേക്ക് നാം കടന്നിരിക്കുന്നു.

" ഇന്നും ഞാൻ അനന്യൻ തന്നെ: എന്റെ കയ്യിൽ നിന്നു വിടുവിക്കുന്നവൻ ആരുമില്ല. ഞാൻ പ്രവർത്തിക്കും. ആർ അതു തടുക്കും; നിങ്ങളുടെ വീണ്ടെടുപ്പുകാരനും യിസ്രായേലിന്റെ പരിശുദ്ധനുമായ യഹോവ ഇപ്രകാരം അരുളി ചെയ്യുന്നു. മുമ്പുള്ളവയെ നിങ്ങൾ ഓർക്കേണ്ട, പണ്ടുള്ളവയെ നിരൂപിക്കയും വേണ്ട. ഇതാ ഞാൻ പുതിയതൊന്നു ചെയ്യുന്നു. അതു ഇപ്പോൾ ഉത്ഭവിക്കും നിങ്ങൾ അതു അറിയുന്നില്ലയോ " (യെശ. 43:13,18).

നിങ്ങൾ വഴിയിൽ ക്ഷീണിച്ചിരിക്കുന്ന ആളാണോ എങ്കിൽ ദൈവത്തോടടുത്തു ചെല്ലുക. അവൻ ക്ഷീണിച്ചിരിക്കുന്നവർക്കു ശക്തി നൽകുന്നു. ബലമില്ലാത്തവർക്ക് ബലം വർദ്ധിപ്പിക്കുന്നു. ദൈവത്തിന്റെ അടുക്കൽ ചെല്ലുക. നിങ്ങൾ സകലത്തിലും എപ്പോഴും പൂർണ്ണതൃപ്തിയുള്ളവരായി സകല സൽപ്രവർത്തിയിലും പെരുകിവരുമാറ് നിങ്ങളിൽ സകല കൃപയും പെരുകിവരുവാൻ ദൈവം ശക്തൻ ആകുന്നു.

ദൈവം കഷ്ടങ്ങളിൽ ഏറ്റവും അടുത്ത തുണയായിരിക്കുന്നു. ധൈര്യത്തോടെ ഓരോ ദിവസവും മുന്നേറുക. പ്രതിസന്ധികൾ വളരെയാണ്. എല്ലാം പ്രതികൂലമായാലും ദൈവം കൂടെയുണ്ട്. നന്മ ചെയ്കയിൽ നാം മടുത്തുപോകരുത്. വിശ്വസ്തരായിരിപ്പാൻ ദൈവം കൃപ നൽകും. ദൈവസന്നിധിയിലേക്കുള്ള പ്രവേശനത്തിന്റെ പറഞ്ഞു തീരാത്ത സന്തോഷം പ്രാപിക്കും.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആരിൽ നിന്നും ഒരു പ്രതികരണവും ലഭിക്കുന്നില്ല. നിങ്ങളുടെ അഭിപ്രായങ്ങൾ അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,

ബിന്ദു.എം

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702, 8075696168**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9809882926**

കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ., തിരുവനന്തപുരം - 695032
Mob:8589901702,8075696168
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

ഞങ്ങൾ നിങ്ങളിൽ നിന്നും കേൾക്കുവാനാഗ്രഹിക്കുന്നു.

നിങ്ങളുടെ പ്രതികരണങ്ങൾക്കായി ഞങ്ങൾ കാത്തിരിക്കുന്നു, നിങ്ങളിൽ നിന്നും കേൾക്കാം എന്ന് പ്രത്യാശിക്കുന്നു. കത്തുകളിലൂടെയോ ഈമെയിലിലൂടെയോ, ഫോൺ കോളിലൂടെയോ നിങ്ങളുടെ പ്രതികരണങ്ങൾ അറിയിക്കുക. അവസരമുണ്ടെങ്കിൽ, ഞങ്ങളുമായി ബന്ധപ്പെടുവാനപേക്ഷിക്കുന്നു.

(2-ാംപേജിന്റെ തുടർച്ച)

ദൈവവചനവും പ്രാർത്ഥനയും

ഐക്യതയിൽ എത്തുവാനിടയാകും. വാഗ്ദത്തങ്ങൾ തരുവാൻ ദൈവത്തിനു കഴിയും “എന്റെ വചനം നിങ്ങളിൽ വസിക്കുന്നു എങ്കിൽ നിങ്ങൾ ഇച്ഛിക്കുന്നത് എ ന്തെങ്കിലും അപേക്ഷിപ്പിൻ, അത് നിങ്ങൾക്ക് കിട്ടും”. വിശ്വസിക്കുന്ന എല്ലാവർക്കും, വിശ്വാസത്തിന്മേൽ പ്രവർത്തിക്കുന്ന എല്ലാവർക്കും അക്ഷരികമായി അതിനെ പ്രാവർത്തികമാക്കും.

ക്രിസ്തുവിന്റെ ശിഷ്യന്മാരേ, ഇത് വളരെ അധികം വ്യക്തമാണ്. നാം പ്രാർത്ഥനയിൽ ഒഴികഴിവ് പറയുമ്പോൾ, പ്രാർത്ഥനയുടെ ശക്തികുറയുമ്പോൾ, ദൈവത്തിന്റെ ജ്ഞാനത്തിനും ഇഷ്ടത്തിനും മുന്നിൽ സമർപ്പണം നാം അഭിനയിക്കുമ്പോൾ, നമ്മുടെ യഥാർത്ഥ ആവശ്യം നമ്മുടെ പ്രാർത്ഥനക്കുറവിന്റെ മുമ്പിൽ അപ്രസക്തമാവും. ദൈവത്തിന്റെ വായിൽ നിന്നും വരുന്ന വചനത്തിനല്ലാതെ ഒന്നിനാലും മനുഷ്യനെ ശക്തനാക്കുവാൻ കഴിയുകയില്ല, അതിനാൽ മാത്രമേ നമുക്കു ജീവിപ്പാൻ കഴിയൂ. ഇത് ക്രിസ്തുവിന്റെ വചനം, നമ്മെ സ്നേഹിച്ചു, നമ്മിൽ വസിക്കുന്നു, വിശ്വാസത്താലും അനുസരണത്താലും നമ്മെ ജീവിതത്തിന്റെ ഭാഗമായിത്തീരുന്നു, ഒരുവനെ ക്രിസ്തുവിൽ ആക്കിത്തീർക്കുന്നു. ദൈവത്തെ മുറുകെ പിടിക്കുവാൻ ഈ ക്രിസ്തുവിന്റെ വചനം നമ്മെ പ്രാപ്തരാക്കുന്നു.

വാഴ്ത്തപ്പെട്ട കർത്താവേ, ഈ പാഠം ഇന്നേ ദിവസം എന്റെ കുറവുകളെ കണ്ടുപിടിക്കാൻ എന്നെ സഹായിക്കേണമേ. വേണ്ടുംവണ്ണം പ്രാർത്ഥിപ്പാനോ ജയമെടുപ്പാനോ എനിക്ക് കഴിയുന്നില്ല എന്ന് ഞാൻ കാണുന്നു. അവിടുന്ന് എന്നോട് സംസാരിക്കുന്നത് കേൾക്കുവാൻ മനസില്ലാതെ അങ്ങയോട് എന്റെ ആവലാതികൾ പറയുന്നവനായി എന്നെ കാണുന്നു. വിശ്വാസത്തിന്റെ രഹസ്യം ഇങ്ങനെയാണെന്ന് ഞാൻ മനസിലാക്കിയില്ല: ജീവിക്കുന്ന വചനം ഉള്ളിൽ ജീവിക്കുന്ന ആത്മാവിൽ ധാരാളം വിശ്വാസവും നിറഞ്ഞിരിക്കുന്നു.

അവിടുത്തെ വചനം എന്നെ വ്യക്തമായി പഠിപ്പിക്കുന്നു: “എന്നാൽ ഏതു മനുഷ്യനും കേൾപ്പാൻ വേഗതയും പറവാൻ താമസവും ഉള്ളവൻ ആയിരിക്കട്ടെ” യാക്കോ. 1:19); അതിവേഗത്തിൽ ഒന്നും പറയരുത്; ദൈവസന്നിധിയിൽ ഒരു വാക്കു ഉച്ചരിപ്പാൻ നിന്റെ ഹൃദയം ബദ്ധപ്പെടരുത് ” (സഭാ പ്രസംഗി 5:2). കർത്താവേ, അവിടുത്തെ വചനം എന്റെ ജീവിതത്തിൽ ഏറ്റെടുത്ത്, എന്റെ ഹൃദയത്തിൽ സംഗ്രഹിപ്പാൻ എന്നെ പഠിപ്പിക്കേണമേ, അവിടുത്തെ വചനം, അത് എന്നിൽ ജീവിപ്പിക്കുന്ന ശക്തിയാണ്. ജീവിപ്പിക്കുന്ന ശക്തിയായി അവിടുത്തോടൊപ്പം ആയിരിപ്പാൻ എന്നെ സഹായിക്കേണമേ.

കർത്താവേ, പരിച്ഛേദനയില്ലാത്ത കാതുകളിൽ നിന്ന് എന്നെ വിടുവിക്കേണമേ. ഒരു വദ്യാർത്ഥിയുടെ തുറന്നിരിക്കുന്ന കാതുകൾ എനിക്കു നൽകേണമേ; രാവിലെതോറും പിതാവിന്റെ ശബ്ദം കേൾപ്പാൻ എന്നെ സഹായിക്കേണമേ. “മോശ തിരുമുമ്പിൽ സംസാരിപ്പാൻ സമാഗമനകൂടാരത്തിൽ കടക്കുമ്പോൾ അവൻ സാക്ഷ്യപ്പെട്ടകത്തിന്മേലുള്ള കൃപാസനത്തിങ്കൽ നിന്ന് രണ്ടു കെരൂബുകളുടെ നടുവിൽ നിന്ന് തന്നോട് സംസാരിക്കുന്ന തിരുശബ്ദം കേട്ടു” (സംഖ്യ 7:89). കർത്താവേ, എന്നോടും അതുപോലെ ആയിരിക്കേണമേ. ജീവിതവും സ്വഭാവവും ഒരടയാളം വഹിക്കട്ടെ, അവിടുത്തെ വചനം വസിക്കുകയും കാണുകയും ചെയ്യുമാറാകട്ടെ, അനുഗ്രഹത്തിന്റെ പൂർണ്ണതയ്ക്കായി എന്നെ ഒരുക്കട്ടെ. നിങ്ങൾ ഇച്ഛിക്കുന്നത് എന്തെങ്കിലും അപേക്ഷിപ്പിൻ, അത് നിങ്ങൾക്കു കിട്ടും ”. ആമേൻ. ❖

ദൈവത്തിന്റെ വചനം - ഒരു വ്യക്തിപരമായ സമ്മാനം

By Rich Carmicheal

ഞാൻ ആഗമനദൂതനിലെ ഒരു മിഷ്യനറിയുടെ ജീവചരിത്രം വായിച്ചുകൊണ്ടിരുന്നപ്പോൾ, എന്റെ ഹൃദയത്തെ അത് പിടിച്ചു നിർത്തി. ആ ലേഖനത്തിൽ മേരി മോൺസൺ എന്ന ദൈവദാസി, തന്റെ പ്രയാസങ്ങളിൽ തന്നെ താങ്ങി നിലനിർത്തിയ ഒരു വചനം യെശയ്യാ.41:10-ൽ പറഞ്ഞിരിക്കുന്നു. നീ ഭയപ്പെടേണ്ട, ഞാൻ

(ശേഷം 4-ാം പേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*
സ്നാനം ഏൽക്കുക	*വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)*

(3-ാംപേജിന്റെ തുടർച്ച)

ദൈവത്തിന്റെ ...സമ്മാനം

നിന്നോടുകൂടെയുണ്ട്; ഭ്രമിച്ചു നോക്കേണ്ട ഞാൻ നിന്റെ ദൈവം ആകുന്നു; ഞാൻ നിന്നെ ശക്തീകരിക്കും; ഞാൻ നിന്നെ സഹായിക്കും; എന്റെ നീതിയുള്ള വലങ്കൈകൊണ്ട് ഞാൻ നിന്നെ താങ്ങും" ആ വചനത്തിലൂടെ ആഴമായി എന്നെ സ്പർശിച്ച്, കർത്താവ് അത്ഭുതകരമായി എന്നോട് ഇടപെട്ടു. ആ സമയമത്ത് ഞാൻ ഒരു പ്രയാസമേറിയ ഘട്ടത്തിലായിരുന്നു, ആ സമയത്ത് ഒരു ധ്യാനയോഗത്തിൽ ഒരു സഹോദരൻ യെശ. 41:10 വായിക്കുയായിരുന്നു. ആ വചനത്തിലൂടെ കർത്താവ് എന്റെ ഹൃദയത്തോട് തൊട്ട് സംസാരിക്കയായിരുന്നു. കർത്താവ് എന്റെ അകമേ ഒരു ബലം നൽകുകയായിരുന്നു. ഒരു ധൈര്യവും സമാധാനവും ഞാനറിയുവാനിടയായി, കർത്താവ് എന്നോട് കൂടെയിരുന്ന് എന്നെ ബലപ്പെടുത്തി, അവിടുന്ന് എന്നെ സഹായിച്ചു എന്നെ കരങ്ങളിൽ താങ്ങി. അദ്ദേഹം വചനം വായിച്ചു എന്ന് മാത്രമല്ല, ആ പ്രത്യേകമായ നിമിഷത്തിൽ, ആ വചനം എന്റെ ഹൃദയത്തിലേക്ക് തുളച്ചു കയറി, ആ വചനം എനിക്ക് അനുഗ്രഹമായിത്തീർന്നു. ദൈവത്തിന്റെ പ്രത്യേക വഴികൾക്കായി ദൈവത്തിന് സ്തോത്രം, അവിടുന്ന് തന്നിലേക്ക് നമ്മെ ചേർത്തുകൊള്ളുന്നു, തന്റെ വചനത്തിലൂടെ നമ്മോട് ഇടപെടുന്നു.

ദൈവത്തിന് വ്യക്തിപരമായ കാര്യങ്ങളുണ്ട്.

ദൈവത്തിന്റെ വചനം നമ്മെ അത്ഭുതപ്പെടുത്തുക മാത്രമല്ല, കാരണം ദൈവത്തിന്റെ വചനത്തിന് ഒരു പ്രത്യേക ഉദ്ദേശമുണ്ട്. വചനം, എല്ലാറ്റിലും ഉപരി ദൈവത്തിന്റെ വചനം ആകുന്നു. ഇത് തന്റെ വായിൽ നിന്നും പുറപ്പെടുന്നു, തന്റെ ലക്ഷ്യം പൂർത്തീകരിക്കുന്നു (യെശ. 5:11). വചനത്തിലൂടെ തന്നെത്തന്നേ വെളിപ്പെടുത്തുന്നു, അവിടുത്തെ സ്വഭാവം, വഴികൾ ഉദ്ദേശങ്ങൾ, തന്റെ പദ്ധതികളും വാഗ്ദത്തങ്ങളും എന്നിവ വെളിപ്പെടുത്തുന്നു. അവിടുന്ന് തന്നെത്തന്നെ തന്റെ വചനത്തിലൂടെ നമുക്ക് തരുന്നു. ആൻഡ്രൂമുറേ തന്റെ ലേഖനത്തിൽ ഇപ്രകാരം രേഖപ്പെടുത്തുന്നു, "ദൈവം തന്റെ വചനത്തിലൂടെ നമ്മോട് സംസാരിക്കുന്നു. അവിടുത്തെ സ്നേഹവും അവിടുത്തെ ജീവനും അവിടുത്തെ ഇഷ്ടവും അവിടുത്തെ ശക്തിയും അവിടുത്തെ വചനത്തെ അംഗീകരിക്കുന്ന ഏവർക്കും നിശ്ചയമായി അവിടുന്ന് നൽകുന്നു. ഇത് ആത്യന്തികമായി ദൈവവചനം നമുക്ക് വിലയേറിയതായിത്തീർക്കുന്നു. ദൈവത്തിന്റെ വചനത്തിലൂടെ തന്റെ ഹൃദയത്തിലുള്ളതെല്ലാം നാമുമായി പങ്കുവയ്ക്കുന്നു. അവിടുത്തെ നന്നായി അറിയുകയും അവിടുത്തെ കൂട്ടായ്മയിൽ വളരുകയും ചെയ്യുക എന്നതാണ് അവിടുത്തെ ഇഷ്ടം.

നാം ഓരോരുത്തരേയും വ്യക്തിപരമായി ശുശ്രൂഷിക്കുകയും നമ്മുടെ ആവശ്യങ്ങൾ തന്റെ വചനത്തിലൂടെ നൽകുക എന്നും കൂടെയാണ് അവിടുത്തെ ഇഷ്ടം. അവിടുന്ന് നമ്മെ അടുത്തു സ്നേഹിക്കുന്നു, അവിടുത്തെ വചനം അയച്ചു നമ്മെ ബലപ്പെടുത്തുന്നു (സങ്കീ. 119:28). നമ്മുടെ വിശ്വാസത്തെ പണിയുന്നു (യോഹ. 20:31). വിശുദ്ധീകരിക്കുന്നു (സങ്കീ. 119:9, യോഹ. 17:7, എഫെ. 5:26), നമ്മെ സ്വതന്ത്രരാക്കുന്നു (യോഹ. 8:32,); പോഷിപ്പിക്കുന്നു (1പത്രൊ. 2:2); നമ്മെ നീതിയിൽ പഠിപ്പിക്കുന്നു, ശിക്ഷണം നൽകുന്നു, താക്കീതു ചെയ്യുന്നു, നേരായ വഴിയിൽ നമ്മെ നടത്തുന്നു (2തിമൊ. 3:16). പാപത്തെ ജയിക്കുവാൻ നമ്മെ സഹായിക്കുന്നു (സ,ങ്കീ. 119:11). ഉപദേശിക്കുന്നു (സങ്കീ. 119:24; നമ്മെ ആശ്വസിപ്പിക്കുന്നു, പ്രത്യാശ നൽകുന്നു (റോമ. 15:4); സൗഖ്യമാക്കുന്നു, വിടുവിക്കുന്നു (സങ്കീ. 107:20). രക്ഷയുടെ ഉറപ്പു നൽകുന്നു (1യോഹ. 5:13); ആത്മീക യുദ്ധത്തിനായി നമ്മെ ഒരുക്കുന്നു (എഫെ. 6:17); തിന്മയെ വെറുത്തു നല്ലതിനോട് പറ്റിക്കൊൾവാൻ നമ്മെ പഠിപ്പിക്കുന്നു (എബ്രാ. 5:14); മുന്നറിയിപ്പുകളെ നൽകുന്നു (സങ്കീ. 19:11; 1കൊരി. 10:11); പാതയെ പ്രകാശിപ്പിച്ചു വഴി കാട്ടുന്നു. (സങ്കീ. 119:105); സന്തോഷം കൊണ്ട് നമ്മെ നിറയ്ക്കുന്നു (19:8); അറിവ് നൽകുന്നു (സങ്കീ. 119:169); ജീവിതക്കൊടുങ്കാറ്റുകൾക്കെതിരെ ഉറപ്പുള്ള അടിസ്ഥാനം നൽകുന്നു (മത്താ. 7:24,25); ഇങ്ങനെ പൊയ്ക്കൊണ്ടേയിരിക്കും.

എത്ര വിലയേറിയ സമ്മാനമാണ് നമുക്ക് ദൈവവചനം! അത്ഭുതമായിട്ടല്ല സങ്കീർത്തനക്കാരൻ പറയുന്നു, "വലിയ കൊള്ളകണ്ടു കിട്ടിയവനെപ്പോലെ ഞാൻ നിന്റെ വചനത്തിൽ ആനന്ദിക്കുന്നു" (സങ്കീ.119:162).

നമ്മുടെ വ്യക്തിപരമായ പ്രതികരണം

തീർച്ചയായ ഒരു വിലയേറിയ വ്യക്തിപരമായ പ്രതികരണത്തിനായി നമ്മെ വിളിക്കുന്നു. ദൈവത്തെ സ്നേഹിക്കുവാൻ ദൈവം നമ്മെ വിളിക്കുന്നു. പൂർണ്ണഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണമനസോടും പൂർണ്ണ ശക്തിയോടും കൂടെ സ്നേഹിക്കേണം വചനം ഹൃദയത്തിൽ ഉള്ളവരായി (ആവർ. 6:5,6). നാം അവിടുത്തെ വചനം പൂർണ്ണമായി ധ്യാനിക്കേണം, അനുസരിക്കേണം, പ്രാർത്ഥിക്കണം, മറ്റുള്ളവരുമായി പങ്കുവയ്ക്കേണം. വചനത്തോട് എതിർക്കുന്ന എല്ലാ തടസങ്ങളെയും ഒഴിവാക്കുക, "നല്ല ഹൃദയത്തോടെ അതിനെ സ്വീകരിക്കുക"; ഹൃദയത്തിൽ സംഗ്രഹിച്ചു ക്ഷമയോടെ ഫലം കൊടുക്കുക" (ലൂക്കോ. 8:14,15).

തുടർന്ന് അവിടുന്ന് ചോദിക്കുന്ന ഒരു ചോദ്യവും അതിനോട് ചേർന്നുള്ള ഒരു ക്ഷണവും കാണാം. "അപ്പമല്ലാത്തതിന് ദ്രവ്യവും തൃപ്തി വരുത്താത്തതിന് നിങ്ങളുടെ പ്രയത്നഫലവും ചെലവിടുന്നത് എന്തിന്? എന്റെ വാക്കു ശ്രദ്ധിച്ചു കേട്ട് നന്മ അനുഭവിപ്പിൻ; പുഷ്ടഭോജനം കഴിച്ച് മോദിച്ചുകൊൾവിൻ; നിങ്ങൽ ചെവി ചായിച്ച് എന്റെ അടുക്കൽ വരുവിൻ, നിങ്ങൾക്ക് ജീവനുണ്ടാകേണ്ടതിന് കേട്ടുകൊൾവിൻ" (യെശ. 55:2,3). എത്ര നല്ല ഒരു ക്ഷണം, "എന്നെ ശ്രദ്ധിച്ചു കേൾക്കുക.... എന്റെ അടുക്കൽ വരുവിൻ..." ഇത് കർത്താവിന് എത്ര വ്യക്തിപരമാണ്! ദൈവത്തിന് തന്റെ വചനത്തിലൂടെ പങ്കിടുവാൻ ധാരാളം കാര്യങ്ങളുണ്ട്. ധാരാളം കാര്യങ്ങൾ നമ്മിലൂടെ ചെയ്യുവാൻ ദൈവം ആഗ്രഹിക്കുന്നു. ചോദ്യം ഇതാണ്, നാം ദൈവത്തോട് വ്യക്തിപരമായി ധാരാളമായി പ്രതികരിക്കുമോ? നാം അവിടുത്തെ വചനത്തിൽ അവിടുത്തോട് പ്രതികരിക്കുമോ, ആഴമായി അവിടുത്തെ വചനം നമ്മിൽ പ്രവർത്തിക്കുവാൻ നാം അനുവദിക്കുമോ?

ഈ ലേഖനത്തെക്കുറിച്ച്

ഇവയെല്ലാം മനസ്സിൽ സൂക്ഷിച്ചുകൊണ്ട്, ആഗമനദൂതന്റെ പ്രവർത്തകർ നിങ്ങളെ ഉത്സാഹിപ്പിക്കുന്നത് വചനത്തെക്കുറിച്ചുള്ള ശരിയായ അറിവ് നിങ്ങൾക്ക് തരികയാണ്. പ്രത്യാശയോടെ, കൂടുതൽ സമയം നിങ്ങൾ ദൈവവുമായി ചെലവിടുക. ഇത് ജീവനും ശക്തിയും ആകുന്നു (എബ്രാ. 4:12), ആഴമായി നമ്മിൽ പ്രവർത്തിക്കുന്നു, ജീവിതത്തിൽ അത് ഏറ്റെടുക്കുക (1 തെസ്സ. 2:13).

ഞങ്ങളും പ്രാർത്ഥനയിൽ നിങ്ങളെ ധൈര്യപ്പെടുത്തുന്നു, പ്രത്യേകിച്ച് വിശ്വസ്ഥതയോടും ഏകാഗ്രതയോടും പ്രാർത്ഥിക്കാം. ഇവ തീർച്ചയായും രണ്ട് അടിസ്ഥാന

(ശേഷം 5-ാം പേജിൽ)

(4-ാംപേജിന്റെ തുടർച്ച)

ദൈവത്തിന്റെ ...സമ്മാനം

കാര്യങ്ങളാണ്. വചനം പ്രാർത്ഥന. നൂറ്റാണ്ടുകളിലൂടെ വിശ്വാസികൾ ജീവിതത്തിൽ കണ്ടു പിടിച്ചത്, എപ്പോഴെല്ലാം ദൈവജനം പ്രാർത്ഥനയിലൂടെ വചനധ്യാനത്തിലൂടെ അടുത്തു ചെന്നിട്ടുണ്ട് എങ്കിൽ അവിടുന്ന്, തന്നോ ട് നമ്മെ അടുപ്പിച്ച് അവിടുത്തെ ജീവനും ശക്തി യും പകർ ന്നു തന്നിട്ടുണ്ട്. ഈ നാളുകളിൽ ഇത് നമുക്കാവശ്യമില്ലേ, വ്യക്തിപരമായും സാമൂഹ്യപരമായും? അവിടുത്തെ വചനത്തിലും പ്രാർത്ഥനയിലും വിശ്വസ്തരായി ജീവിക്കാം. ദൈവ ത്തെ അറിയുവാനും അവിടുത്തെ ആത്മാവിലും ശ ക്തിയിലും കവിഞ്ഞൊഴുകുന്ന നിറവുകൾ പ്രാപിപ്പി ാ നും ദൈവം നമ്മെ സ, ഹായിക്കട്ടെ. എല്ലാം ദൈവത്തി ന്റെ നാമത്തിന്റെ മഹത്വത്തിനായി തീരുമാറാകട്ടെ!

❖

ദൈവവചനം ധ്യാനിക്കുക

By Charles H.Spurgeon

" ഞാൻ നിന്റെ പ്രമാണങ്ങളെ ധ്യാനിക്കയും നിന്റെ വഴികളെ സൂക്ഷിക്കയും ചെയ്യുന്നു " (സങ്കീ. 119:15).

ഗുരു പലപ്പോഴും ധ്യാനത്തിനായി കുന്നുകളുടെ വശങ്ങളിലും തോട്ടങ്ങളുടെ തണലുകളിലും പോയിട്ടുണ്ട്. പിതാവിനോട് തനിച്ച് ആയിരിക്കുന്നതിനും അവിടുത്തെ മുഖം കാണുവാനുമായി ദൈവത്തോട് അടുത്തു ചെന്നിട്ടുണ്ട്. അതുകൊണ്ട് നമ്മുടെ കാര്യാദികളിൽ നിന്നും മനുഷ്യരുമായുള്ള ഇടപെടലുകളിൽ നിന്നും വേർപെട്ട് ഒരു നിർദ്ദിഷ്ട അവസരങ്ങളിൽ, ഹൃദയങ്ങളെ പകരുവാനും മാറിൽ ചാരുവാനുമായി സമയം വേർതിരിച്ചിട്ടുണ്ട്.

ചില സന്ദർഭങ്ങളിൽ ഏകാന്തമായ അനുഭവങ്ങൾ കൂട്ടത്തിൽ ആയിരിക്കുന്നതിനെക്കാൾ നല്ലതാണ്, ശാന്തത എന്നത് സംസാരങ്ങളെക്കാൾ ബുദ്ധിയാണ്. നാം നല്ല വിശ്വാസികൾ എങ്കിൽ നാം ഏകാന്തതയിൽ ദൈവത്തിനായി കാത്തിരിക്കേണം. കർത്താവിന്റെ വേല ചെയ്യുവാനുള്ള ആത്മ ബലം പ്രാപിക്കുവാൻ ദൈവവചനത്തിലുള്ള ധ്യാനത്തിലൂടെ കഴിയൂ. നാം ദൈവത്തോട് തനിച്ചായിരിക്കുമ്പോൾ ആത്മാവിന്റെ പോഷണം ശരിയായി ലഭിക്കുവാനിടയാകും.

സത്യം എന്നത് മുന്തിരിക്കൂട്ടം പോലെയാണ്: അതിൽ നിന്നും നാം വീഞ്ഞെടുക്കുമ്പോൾ, നാം അതിനെ നശിപ്പിക്കുകയാണ് ചെയ്യുന്നത്; പല പ്രാവശ്യം അതി നെ ഞെക്കിപ്പിഴിഞ്ഞ് അ തിന്റെ ചാറെടുക്കുകയാണ്. അങ്ങനെ നശിപ്പിക്കുന്നവന്റെ കാൽ മുന്തിരിച്ചക്കു ചവിട്ടുമ്പോൾ സന്തോഷിക്കുകയാണ്; അങ്ങനെ ചാറു ഒഴുക്കുകയാണ്. അവർ അതിനെ നല്ലതുപോലെ ചവിട്ടേണം; എന്നാലെ വിലപിടിപ്പുള്ള നീരു നമുക്ക് ലഭിക്കയുള്ളൂ. അതു പോലെ ധ്യാനത്തിലൂടെ, സത്യത്തിന്റെ കൂട്ടങ്ങളെ നാം മെതിക്കുമ്പോൾ നമ്മെ സന്തോഷിപ്പിക്കുന്ന വീഞ്ഞ് അതിന്റെ രൂപത്തിൽ നമുക്കു ലഭിക്കും.

നാം കഴിക്കുന്ന ആഹാരം അത് ആയിരിക്കുന്ന രൂപത്തിൽ ശരീരത്തിന് പ്രയോജനം ചെയ്യുന്നില്ല, പേശികൾ, ഞരമ്പുകൾ, ആരോഗ്യമുള്ള ശരീരകലകൾ, എല്ലുകൾ, ഇവക്കു പ്രയോജനകരമായ നിലയിൽ ദഹനപ്രക്രിയയിലൂടെ കടന്നു പോകണം. അങ്ങനെ ആഹാരം ദഹന പ്രക്രിയയിലൂടെ കടന്ന് നമ്മുടെ അക ത്ത് ജീവന്റെ നിലനിൽപിന് കാരണമാവുന്നു. നമ്മുടെ ആത്മാക്കളും അതുപോലെയാണ്.

വചന കേൾവി, വായന, അടയാളപ്പെടുത്തൽ, വചന പഠനം എന്നിവയിലൂടെ ക്രമമായ നിലയിൽ പൂർണ്ണപോഷണം നൽകുന്നു, ആന്തരികമായ ദഹന പ്രക്രിയയിലൂടെ ദൈവവചന ധ്യാനത്തിലൂടെ ഇത് സാദ്ധ്യമാവുന്നു. എന്തുകൊണ്ടാണ് ചില വിശ്വാസികൾ, ധാരാളം വചനം കേൾക്കാറുണ്ടെങ്കിലും, ആത്മീയ ജീവിതത്തിൽ മന്ദമായ ചലനം ആയി രി ക്കു ന്ന തെ ന്തു കൊണ്ട്? കാരണം പ്ര ധാന കാര്യം മറന്നു പോകുന്നു. ശരിയായ ചിന്തയോടുകൂടി ധ്യാനം ചെയ്യുന്നില്ല. അവർ കോതമ്പിനെ സ്നേഹിക്കുന്നു, എന്നാൽ അവർ അതിനെ പൊടിക്കുന്നില്ല; അവരുടെ വകയായി ധാന്യം ഉണ്ട്, എന്നാൽ അതിനെ ശേഖരിക്കുന്ന വാനായി പുരയിടത്തിലേക്ക് പോകുന്നില്ല; മരത്തിൽ ധാരാളം പഴങ്ങളുണ്ട്, അവർ അതിനെ ശേഖരിച്ച് പാകപ്പെടുത്തുന്നില്ല; സമീപത്തുകൂടെ ധാരാളം വെള്ളം ഒഴുകുന്നു, എന്നാൽ അത് കുടിക്കുവാൻ അവർ കുനിയുന്നില്ല. കർത്താവേ, ഞങ്ങളെ യോഗ്യരാക്കിത്തീർക്കേ ണമേ, " ഞാൻ നിന്റെ പ്രവൃത്തികളെ ധ്യാനിക്കും ".

❖

പ്രാർത്ഥനയുടെ മാഹാത്മ്യം

By Jonathan Edwards

പ്രാർത്ഥനയുടെ സ്ഥിരമായ, സൂക്ഷ്മമായ, വ്യക്തമായ ഫലമാണ് പ്രാർത്ഥന. പുതിയ മനുഷ്യന്റെ പോഷണം എന്നതും വളർച്ച എ ന്നതും പ്രാർത്ഥനയെ ആശ്രയിച്ചിരിക്കുന്നു. ഇത് അത്ഭുതകരമായ ഒരു വസ്തുതയാണ്, ദൈവത്തെക്കുറിച്ചുള്ള അറിവിൽ വളരുക എന്നതും ശ്രേഷ്ഠമായ കാര്യമാണ്. ഇത് ലോകത്തിന്റെ മായയിൽ നിന്നും ഞങ്ങളുടെ ഹൃദയങ്ങളെ തിരിക്കുവാനുള്ള അനുഗ്രഹിക്കപ്പെട്ട വഴിയാണ്, മനസ് ദൈവത്തിൽ ഉറച്ചു നിൽക്കുന്നതിനും സഹായിക്കുന്നു. ഇത് പാപത്തിൽ നിന്നും വിട്ടു തിരിയുവാനുള്ള ഒരു നല്ല വഴിയാണ്, ശത്രുവിന്റെ തന്ത്രങ്ങളെ വിട്ടോടുവാനുള്ള ഒരു നല്ല വഴി കൂടിയാണ്, പഴയ പാമ്പായ പിശാചിന്റെ കയ്യിൽ നിന്നും അവന്റെ കൊടിയ വിഷത്തിൽ നിന്നും രക്ഷപ്പെടുവനുള്ള അനുഗ്രഹിക്കപ്പെട്ട ഒരു മാർഗ്ഗമാണ്.. ഇത് ഒരു ദൗത്യമാണ്, അതിൽ നിന്നും മോഹങ്ങളിൽ നിന്നും പപങ്ങളിൽ നിന്നും ഹൃദയങ്ങളെ വഞ്ചിക്കുന്ന എല്ലാ വഞ്ചനയിൽ നിന്നും രക്ഷിക്കുന്ന ദൈവശക്തി പകർന്നു ലഭിക്കുന്നു.

ഇത് നമ്മുടെ ആത്മാവിനെ ഉണർവ്വോടെ കാത്തു സൂക്ഷിക്കുന്ന ഒരു പ്രേരക ശക്തിയാണ്, അത് നമ്മെ ദൈവത്തിന്റെ പാതയിൽ ധൈര്യത്തോടെ നടത്തുന്നു, സൽപ്രവർത്തികളിൽ ഫലമുള്ളവരാക്കി നമ്മെ നടത്തുന്നു, ക്രിസ്തുവിന്റെ ഉപദേശങ്ങളിൽ നടക്കുവാൻ നമ്മെ സഹായിക്കുന്നു. സ്വർഗ്ഗീയ പിതാവിന്റെ വഴികളിൽ മഹത്വമുള്ളവരായി സൽപ്രവർത്തികളിൽ വളർന്നു മറ്റുള്ളവർക്ക് മാതൃകയാകുവാ നും നമ്മെ സഹാ യിക്കു ന്നു. ഇത് നമ്മുടെ സ്ഥിരമായ അനുഭവമാകുന്നു എങ്കിൽ, ജീവിതകാലം മുഴുവൻ നമുക്കു വഴികാട്ടിയും, സ ന്തോ ഷകരവും, ക്രിസ്തുവിനോടുള്ള ഏറ്റവും മാധുര്യമേറിയ കൂട്ടായ്മയും ത ന്റെ രാജ്യത്തിന്റെ ധാരാ ള മായ ഉല്ലാസവും പ്രാപിക്കും.

അതെ, വലിയ ശക്തിയാണ് പ്രാർത്ഥന, സന്തോഷത്തോടെ അതിൽ പങ്കു കൊള്ളുമ്പോൾ, ദൈവത്തോടു കൂടെ നാം ജീവിക്കുമ്പോൾ അത് വലിയ ശക്തിതന്നെയാണ്. അതിനാൽ മനുഷ്യർ യാക്കോബിനെപ്പോലെയാകുന്നു, അവൻ ദൈശക്തി വസിക്കുന്ന ഒരു രാജകുമാരനായിരുന്നു. ദൂതനുമായുള്ള മൽപിടിത്തത്തിൽ വിജയിച്ചു അനുഗ്രഹത്തിനവകാശിയായി. പ്രാർത്ഥനയുടെ ശക്തിയെ യാക്കോബ് 5:16-18-ൽ കാണുക. ❖

ദൈവവചനം നിങ്ങളിൽ വസിക്കട്ടെ

By Wesley L.Duewel

ക്രിസ്തുവിന്റെ വചനം അക്ഷരീകമായി നിങ്ങളിൽ വസിക്കുന്നുവോ? നിങ്ങൾ അക്ഷരീകമായി വചനത്തി ലാണോ ജീവിക്കുന്നത്? ക്രിസ്തു സ്വന്ത ജനത്തിന്റെ നടുവിൽ വസിക്കുന്നതു പോലെ അവിടുന്ന് അവരിൽ വസിക്കുന്നു, അവിടുത്തെ വചനം അവരിൽ വസിക്കു ന്നതുപോലെ അവർ ദൈവ വചനത്തൽ ജീവിക്കുന്നു. അതെ, ഉച്ചരിച്ചുകൂടാത്ത ഒരു അനുഗ്രഹിക്കപ്പെട്ട ജീവി തം, അതിൽ പൗലൊസിന്റെ വചനങ്ങൾ ഇങ്ങനെ പറയു ന്നു, “ഇങ്ങനെ ക്രിസ്തു വിന്റെ വചനം ഐശ്വര്യ മായി സകല ജ്ഞാനത്തോ ടുംകൂടെ നിങ്ങളിൽ വസി ക്കട്ടെ” (കൊലൊ. 3:16).

നിങ്ങൾ ദൈവവചനം വായിക്കുവാനായി സമയം വേർതിരിക്കുന്നില്ല എങ്കിൽ ദൈവത്തിന്റെ വചനത്തിനും നിങ്ങളിൽ വസിപ്പാൻ കവി യുകയില്ല. ദൈവവചനം വായിക്കാത്ത ഒരുവന് എങ്ങനെ ക്രിസ്തുവിനെ സ്നേഹിക്കുന്നു എന്ന് പറ യാൻ കഴിയും. ഒരുവൻ തന്റെ കൂട്ടുകാരോട് സംസാരിക്കു മ്പോൾ മറ്റുള്ളവർ സംസാരി ക്കുന്നതിനെ ശ്രദ്ധിക്കാൻ കഴികയില്ല. അൻപതു മിനി ട്ടെങ്കിലും വേദപുസ്തകം വായിച്ചു ദൈവസന്നിധിയിൽ അവിടുത്തെ ശബ്ദത്തി നായി കാത്തിരിക്കുന്നവൻ എത്ര ധൈര്യമായി ക്രിസ്തു വിനെ സ്നേഹിക്കുന്നു എന്ന് പറയും.

ഒരു വിശ്വാസി ഒരു വർഷ ത്തിനകത്തെങ്കിലും ഒരു പ്രാവശ്യം പുതിയ നിയമം വായിച്ചു തീർക്കണം. ഒരു വൻ ഒരദ്ധ്യായം വച്ചും ഞായ റാഴ്ച അഞ്ച് അദ്ധ്യായം വീതവും വായിച്ചാൽ ഒരു വർഷം കൊണ്ട് വേദപു സ്തകം വായിച്ചു തീർക്കാം. ഒരു ശുശ്രൂഷകൻ അഥവാ ഒരു ക്രിസ്തീയ പ്രവർത്ത കൻ ദൈവത്തോട് വിശ്വസ്ത കാക്കേണ്ടതാണ്. ക്രമമായി നാം ദൈവവചന വായന യിൽ സമയം ചെലവിടുന്നെ ങ്കിൽ ദൈവവചനം നമ്മിൽ വസിക്കുവാനിടയാകും. ദൈവവചനം വായിക്കാത്ത ഒരു വിശ്വാസി, വർഷങ്ങൾ ഒരു ക്രിസ്ത്യാനി ആയിരു ന്നാലും അവൻ ദൈവത്തെ കളിയാക്കുന്നവൻ ആണ്.

സാധാരണ ഒരു പുസ്ത കം വായിക്കുന്ന ആവേശം അല്ല ദൈവവചനം ഭക്തി യോടെ വായിക്കുമ്പോൾ ഉണ്ടാകുന്നത്, പ്രത്യേകിച്ച് പുതിയനിയമം. ഓരോ പ്രാവ ശ്യവും വായിച്ച് തീരുമ്പോൾ ലഭിക്കുന്ന സംതൃപ്തി ഒന്നു വേറെ തന്നെയാണ്. ദൈവ വചനം വായിക്കുമ്പോൾ ലഭിക്കുന്ന ആത്മ ബലം, വേറെ ഒരു വഴിയിലും ലഭി ക്കയില്ല. വിശ്വാസം ഉണ്ടാകു ന്നത് അത്ഭുതകരമായ വചന പോഷണത്തിലൂടെ നമുക്ക് ലഭിക്കുന്നത്, “ആക യാൽ വിശ്വാസം കേൾവി യാലും കേൾവി ക്രിസ്തു വിന്റെ വചനത്താലും വരുന്നു” (റോമ. 10:17).

വേദപുസ്തകം ഭക്തി യോടെ വായിച്ച്, പരിശുദ്ധാ ത്മാവിനാൽ നമ്മുടെ ഓർമ്മ യിലേക്ക് വീണ്ടും കൊണ്ടു വരുന്നു, അവിടുന്ന് നമ്മെ ഉപയോഗിച്ച് വഴി നടത്തു ന്നു. ഉപദേശിക്കുന്നു, നമ്മിൽ ഒരു വിശ്വാസവും ഉറപ്പും പണിയുന്നു.

ദൈവവചനത്തിൽ അധികം വിലപ്പെട്ടതായ ചിലതുണ്ട്. ദൈവത്തിന്റെ വചനത്തിലൂടെ കിട്ടുന്ന അനുഗ്രഹം നല്ല ഒരു ഭക്ഷ ണം കഴിച്ചാൽ തൃപ്തി ലഭി ക്കുകയില്ല. ദൈവവചന ത്തിൽ നിന്നും നമുക്കു കിട്ടുന്ന നേരിട്ടുള്ള ദൂതുകൾ അത്ഭുതകരമായ സംഗീത ത്തെക്കാൾ മധുരമാണ്. ദൈവവചനത്തിൽ നിന്നും യേശുക്രിസ്തുവിന്റെ ഒരു പുതിയ വെളിപ്പാട് കണ്ടുപി ടിക്കുന്നതോ, വചനത്തിലൂ ടെയുള്ള അവിടുത്തെ ഇഷ്ടം ഇന്നതെന്ന് തിരിച്ചറി യുന്നതോ ഒരു സാഹസിക മായ യജ്ഞം അല്ല. ധനമോ അതിന്റെ ഏതെങ്കിലും മഹി മയോ ക്രിസ്തുവിന്റെ വച നത്തിന്റെ മഹിമാധന ത്തിന്റെ മുമ്പിൽ ഏതുമില്ല.

അതെ, കൂട്ടുകാരാ, ദൈവ വചനത്തിന്റെ ഉത്സവം, ദൈവവചനത്തിന്റെ ഉരവക ളിൽ നിന്നു കുടിക്കുന്നത് എത്ര മനോഹരം. നിങ്ങൾ ക്കുവേണ്ടി കരുതി വച്ചിരി ക്കുന്ന അനുഗ്രഹം രുചിച്ച റിക. ദൈവത്തിന്റെ വാഗ്ദ ത്തങ്ങളെ പഠിക്കുക. വചന ത്തിന്റെ വെളിച്ചം കൊണ്ട് നിങ്ങളുടെ പാതകളെ പ്രകാ ശമാക്കുക.

നിങ്ങൾക്ക് സമാധാനത്തി നായി ദൈവവചനം വായി ക്കുക. നിങ്ങൾക്ക് വിശ്വാസം ഉണ്ടാകുവാൻ വചനം വായി ക്കുക. നിങ്ങൾ ക്ക് സാത്താ നെ ഓടിക്കണമെങ്കിൽ, ആ ത്മാവിന്റെ വാൾ എടു ത്തു കൊൾക, അത് ദൈവവചനം അത്രേ (എഫെ. 6:17). നിങ്ങൾക്ക് സന്തോഷം ഉണ്ടാകേണം എങ്കിൽ, വച നം വായിക്കുക. നിങ്ങളുടെ പ്രാർത്ഥനാ ജീവിതത്തിൽ ഒരു പുതുക്കം ആഗ്രഹി ക്കുന്നു എങ്കിൽ വചനം വായിക്കുക. ക്രിസ്തുവിന്റെ നിറവുകൾ നിങ്ങൾ ആഗ്രഹി ക്കുന്നു എങ്കിൽ, അവി ടുത്തെ വചനത്തിന്റെ നിറവു കൾ നിങ്ങളിൽ ഉണ്ടാകേണം എന്ന് നിങ്ങൾ ആഗ്രഹി ക്കുന്നു എങ്കിൽ, നിങ്ങളും പാട്ടിൽ ഒരു മുന്നേറ്റം നി ങ്ങൾ ആഗ്രഹിക്കുന്നു എ ങ്കിൽ, പാട്ടുകളാലും സംഗീ തത്താലും ഒരു നിറ വും ഒരു ഒഴുക്കും നി ങ്ങൾ ആഗ്രഹി ക്കുന്നു എങ്കിൽ വചനം വായിക്കുക (5:19).

കർത്താവേ ആഴത്തിൽ അവിടുത്തെ വചനത്തിൽ എന്നെ സഹായിക്കേണമേ.

❖

ദൈവവചനത്തിന്റെ ശക്തി

By Derek Prince

“എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങൾ അല്ല; നിങ്ങളുടെ വഴികൾ എന്റെ വഴികളുമല്ല എന്ന് യഹോവ അരുളിചെയ്യുന്നു. ആകാശം ഭൂമിക്കുമീതെ ഉയർന്നിരിക്കുന്നതുപോലെ എന്റെ വഴികൾ നിങ്ങളുടെ വഴികളിലും എന്റെ വിചാ രങ്ങൾ നിങ്ങളുടെ വിചാര ങ്ങളിലും ഉയർന്നിരിക്കു ന്നു. മഴയും ഹിമവും ആകാ ശത്തു നിന്ന് പെയ്യുകയും അവിടേക്കു മടങ്ങാതെ വി തെപ്പാൻ വിത്തും തിന്മാൻ ആഹാരവും നൽകത്തക്ക വണ്ണം ഭൂമിയെ നനെച്ചു ഫല വത്താക്കി വിളയിക്കുന്നതു പോലെ എന്റെ വായിൽ നിന്നും പുറപ്പെടുന്ന എന്റെ വചനം ആയിരിക്കും” (യെ ശ. 55:8-11).

ശ്രദ്ധിക്കുക, ദൈവം ചി ന്തയിൽ നിന്നും ആരംഭിക്കു ന്നു, അവിടുന്ന് പ്രകൃതിയിൽ നിന്നും സംസാരിക്കുന്നു, നമ്മുടെ ചിന്തകൾ അവി ടുത്തെ ചിന്തകൾ അല്ല. എ ങ്ങനെ, പിന്നെ, ദൈവത്തി ന്റെ ചിന്തയിലൂടെ നമുക്കു ചിന്തിപ്പാൻ കഴിയുമോ? ദൈവം തന്റെ വചനത്തി ലൂടെ നമുക്കുത്തരം നൽകു ന്നു. ദൈവത്തിന്റെ വഴികളും ദൈവത്തിന്റെ ചിന്തകളും സ്വർഗ്ഗീയ തലങ്ങളിലാണ്, നമ്മുടെവഴികളും നമ്മുടെ ചിന്തകളും ഭൗമതലത്തിലാ

(ശേഷം 7-ാം പേജിൽ)

(6-ാംപേജിന്റെ തുടർച്ച)

ദൈവവചനത്തിന്റെ ശക്തി

ണ്, ദൈവത്തിന്റേതിലും താഴെ. ദൈവത്തിന്റെ വചനം ദൈവത്തിന്റെ വഴികളെകൊണ്ടുവരുന്നു, അവിടുത്തെ ചിന്തകൾ ഉയരത്തിൽ നിന്നും നമ്മുടെ ജീവിതത്തിലേക്കും നമ്മുടെ ഹൃദയത്തിലേയ്ക്കും വരുന്നു, നമുക്കാവശ്യമുള്ള ഫലം തരുന്നു.

ദൈവം തന്റെ വചനത്തെക്കുറിച്ച് അതേ വേഭാഗത്ത് ദൈവം ഇങ്ങനെ പറയുന്നു, “ അത് വെറുതെ എന്റെ അടുക്കലേക്ക് മടങ്ങിവരാതെ എനിക്ക് ഇഷ്ടമുള്ളത് നിവർത്തിക്കയും ഞാൻ അയച്ച കാര്യം സാധിപ്പിക്കയും ചെയ്യും. നിങ്ങൾ സന്തോഷത്തോടെ പുറപ്പെടും; സമാധാനത്തോടെ നിങ്ങളെ പറഞ്ഞയക്കും; മലകളും കുന്നുകളും നിങ്ങളുടെ മുമ്പിൽ പൊട്ടി ആർക്കും; ദേശത്തിലെ സകല വൃക്ഷങ്ങളും കൈകൊട്ടും. മുള്ളിനു പകരം സരള വൃക്ഷം മുളെക്കും. പറക്കാരക്കു പകരം കൊഴുന്തു മുളക്കും; അത് യഹോവക്കു ഒരു കീർത്തിയായും ഛേദിക്കപ്പെടാത്ത ശാശ്വതമായൊരു അടയാളവുമായിരിക്കും (യെശ. 55:11-13).

ദൈവത്തിന്റെ വചനം താണിറങ്ങി വന്നതിന്റെ ഫലമായി, ഹൃദയത്തിലേക്ക് പ്രവേശിച്ചു, മനസിൽ നിറഞ്ഞ്, വഴികളെ പുതുക്കി, നമ്മുടെ വഴികൾ ദൈവത്തിന്റെ വഴികളും നമ്മുടെ ചിന്തകൾ ദൈവത്തിന്റെ ചിന്തകളും ആയിത്തീരുന്നു. ദൈവത്തിന്റെ വചനം നമ്മുടെ മനസുകളിൽ നിറഞ്ഞ് ദൈവത്തിന്റെ ചിന്തയോട് ഏകീഭവിക്കുവാൻ നാം ആരംഭിക്കുന്നു. നമ്മുടെ ചിന്തകൾ പൂർണ്ണമായി വ്യത്യാസപ്പെട്ടു.

ഇതിന്റെ ഫലങ്ങൾ നല്ല ഭാഷയിൽ വിവരിക്കുന്ന സന്തോഷം (നിങ്ങൾ സന്തോഷത്തോടെ പുറപ്പെടും); സമാധാനം (സമാധാനത്തോടെ നിങ്ങളെ പറഞ്ഞയക്കും; സ്തുതി (ദേശത്തിലെ സകല വൃക്ഷങ്ങളും കൈകൊട്ടും); പുഷ്ടി (മുള്ളിനു പകരം സരളവൃക്ഷം മുളക്കും, പറക്കാരക്കുപകരം കൊഴുന്ത് മുളക്കും).

ദൈവത്തിന്റെ വചനം നമ്മുടെ ഉള്ളിൽ വ്യാപരിക്കുമ്പോൾ, നാം അതിനെ സ്വീകരിച്ച്, അതിനെ ഹൃദയത്തിൽ ധ്യാനിക്കുമ്പോൾ അതാണ് സംഭവിക്കുന്നത്. നമ്മുടെ സ്വന്തവഴികൾ, നമ്മുടെ സ്വന്ത വിചാരങ്ങൾ, മുള്ളും പറക്കാരയും പോലെയാണ്; അതിനെ കൃഷി ചെയ്യുന്നതല്ല, ഉപയോഗശൂന്യമാണ്. എന്നാൽ ദൈവവചനം ആരുടെ ഉള്ളിൽ വരുമ്പോൾ, മുള്ളിനും പറക്കാരക്കും പകരം സരളവൃക്ഷവും കൊഴുന്തും മുളക്കും.

❖

രഹസ്യ പ്രാർത്ഥനയുടെ പ്രാധാന്യവും പ്രകാശവും

By E.M.Bounds

“ മടുത്തുപോകാതെ എപ്പോഴും പ്രാർത്ഥിക്കേണം എന്നുള്ളതിന് അവൻ അവരോട് ഒരു ഉപമ പറഞ്ഞത് ” (ലൂക്കൊ. 18:1). വചനങ്ങൾ നമ്മുടെ കർത്താവിന്റെ വചനങ്ങളാണ്, തന്റെ ശിഷ്യന്മാർക്ക് ബഹുമാനമുണ്ടാക്കുക മാത്രമല്ല, പ്രാർത്ഥനയുടെ അത്യാവശ്യവും പ്രാധാന്യവും മനസ്സിലാക്കി, ഒരു മാതൃകയാക്കി വയ്ക്കുകയത്രേ ചെയ്തത്.

അത് അതിനുവേണ്ടി തന്നെ സംസാരിച്ചത്. പ്രാർത്ഥന എന്നത് അർത്ഥമില്ലാത്ത പരിപാടിയല്ല, ആളെക്കൂട്ടി ഒരു തിരക്കിട്ട ജോലിയുമല്ല, രാവിലെയോ വൈകുന്നേരത്തോ മുട്ടിന്മേൽ അല്പ സമയം ചെലവിട്ട് ദൈവകല്പനയിൽ സന്തോഷിക്കുന്ന അനുഭവമാണ്. ദൈവം എല്ലായ്പ്പോഴും നമ്മുടെ പ്രാർത്ഥനയ്ക്കകത്തുണ്ട് എന്നത് ഒരു സത്യമാണ്; തന്റെ ചെവി എപ്പോഴും തന്റെ കുഞ്ഞുങ്ങളുടെ കരച്ചിൽ കേൾക്കുവാൻ ഒരുക്കമുള്ളതായിരിക്കുന്നു, എന്നാൽ നാം പലപ്പോഴും നാം ദൈവത്തെ വേണ്ടുംവണ്ണം അറിയാത്തവരായി, പ്രാർത്ഥന എന്ന വാഹനത്തിൽ, ടെലിഫോണിൽ സംസാരിക്കുന്നതുപോലെ കുറച്ചു വാക്കുകളിൽ മാത്രം സംസാരം ചുരുക്കിയിരിക്കുന്നു.

സഖിത്വം അഭിവൃദ്ധി ആവശ്യപ്പെടുന്നു. നമുക്ക് ദൈവത്തെ അറിയുവാൻ ഒരിക്കലും കഴിയുകയില്ല. ദൈവത്തെ അറിവാൻ ലഭിച്ചിരിക്കുന്ന അവസരം ഒരു പദവിയാണ്. വ്യക്തിപരമായ ചുരുങ്ങിയ പ്രാർത്ഥനകൾ, ആവർത്തിക്കപ്പെടാത്ത ചെറിയ പ്രാർത്ഥനകൾ അത്രയുമേ ഉള്ളൂ. സ്വർഗ്ഗീയ രാജാവിന്റെ അടുക്കൽ കൂട്ടായ്മ ആചരിക്കുന്നതിനുള്ള വഴി അതല്ല. “ പ്രാർത്ഥനയുടെ ലക്ഷ്യം ദൈവത്തിന്റെ കാതുകൾ ആണ്, ” ലക്ഷ്യം എന്തെന്നാൽ, ക്ഷമയോടെ തുടർച്ചയായി കാത്തിരുന്നാൽ അതു പ്രാപിപ്പാൻ കഴിയും. നമ്മുടെ ഹൃദയങ്ങളെ ദൈവത്തിങ്കലേയ്ക്ക് പകരുക, നമ്മോട് സംസാരിപ്പാനായി ദൈവത്തെ അനുവദിക്കുക. അങ്ങനെ മാത്രമേ ദൈവത്തെ അറിയുവാൻ നമുക്കു കഴിയൂ, അങ്ങനെ കൂടുതലായി ദൈവത്തെ അറിയുവാൻ കഴിയും. അങ്ങനെ ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ നിലനില്പാനും അങ്ങനെ നിലനിൽക്കുന്ന സന്തോഷം പ്രാപിപ്പാനും നമുക്കു കഴിയും.

കർത്താവുമായി നിലനില്ക്കുന്ന കൂട്ടായ്മ

നമ്മുടെ ദൈനംദിന ജീവിതത്തിൽ ചുമതലകളിൽ നിന്നൊഴിഞ്ഞ് ആയിരിക്കേണം എന്നല്ല, നമ്മുടെ ആത്മാവ് ദൈവത്തോട് ചേർന്ന് സഖിത്വത്തിൽ ഇടപെട്ട്, ശാന്തമായി ഒരു പ്രാർത്ഥനാമുറിയിൽ, മന:സാക്ഷിക്കു വെളിയിൽ അല്ല, ഹൃദയം ദൈവത്തിൽ അർപ്പിച്ച് കാത്തിരുന്നു, ആ സമയം നമ്മുടെ മനസ് സ്വതന്ത്രമായി നമ്മുടെ കാര്യാദികളിൽ നിന്നും സ്വതന്ത്രമായി നമ്മുടെ ഹൃദയം ദൈവത്തോട് ചേർന്ന് ഒരു പക്ഷി തന്റെ കൂടണയുന്നതുപോലെ, ദൈവസന്നിധിയണയുന്നു. എത്ര മനോഹരമായ ഒരു ചിന്താഗതിയാണ് ഇതിലൂടെ നമുക്കു ലഭിക്കുന്നത്. നിരന്തര കൂട്ടായ്മയുടെ കാഴ്ച, ഇടമുറിയാത്ത കൂട്ടായ്മയുടെ മാധുര്യം. ഒരിക്കൽ നമ്മുടെ ജീവിതത്തിൽ ആധിപത്യം സ്ഥാപിച്ചിരുന്ന എല്ലാ അശുദ്ധിയെയും അതു നീക്കി, ഇത് നമ്മുടെ ജോലിയായിട്ടല്ല, പക്ഷേ ജീവിതത്തിൽ അതു വെളിപ്പെടുത്തി, ഒരു പദവി എന്നവണ്ണം അതിൽ സന്തോഷിച്ച് ഒരു അതുല്യമായ അവസരം എന്ന് കരുതി, ഒരു പുതിയ സൗന്ദര്യം അതിൽ കാണേണ്ടതാണ്.

അങ്ങനെ, രാവിലെ നമ്മുടെ കണ്ണുകളെ തുറന്ന്, സ്വർഗ്ഗീയമായ കാര്യങ്ങളെ ചിന്തിക്കേണ്ടതാണ്. അനേകം വിശ്വാസികൾക്ക് രാവിലെ സമയം വളരെ വിലപ്പെട്ടതാണ്. കാരണം ദൈവത്തെ മഹത്വപ്പെടുത്താനും, ആ കൂട്ടായ്മയിൽ നിന്നും കിട്ടുന്ന ഊർജ്ജം ഉൾക്കൊണ്ട്, ആ ദിവസത്തെ പരിപാടികൾ ആസൂ

(ശേഷം 8-ാം പേജിൽ)

(7-ാംപേജിന്റെ തുടർച്ച)

രഹസ്യ പ്രാർത്ഥനയുടെ പ്രാധാന്യവും പ്രകാശവും

ത്രണം ചെയ്യുന്നു. ഇടതടവില്ലാത്ത ദൈവത്തിന്റെ മഹത്വവും ഒരു പുതിയ ദിവസം ദൈവത്തോടൊത്തു ചെലവഴിക്കുന്നതായ അനുഭവവും എത്ര മനോഹരമാണ്? മൂഡി ഇങ്ങനെ പറയുന്നു, ഒരു വേള മറ്റൊരു സ്ഥലവും പ്രാർത്ഥനയ്ക്കായി ലഭിച്ചില്ലെങ്കിലും കൽക്കരിപ്പുരയുടെ കോണിൽ, ഹൃദയം ദൈവസന്നിധിയിൽ പകർന്നു, വിലയേറിയ ബൈബിൾ സത്യങ്ങലുടെ മുമ്പിൽ വലിയ കാര്യങ്ങളിൽ ഉത്സവം ആചരിക്കുന്നവനെപ്പോലെ ആയിരുന്നു.

ദൈവവചനവും പ്രാർത്ഥനയും

ജോർജ്ജ് മുള്ളർ അതിരാവിലെ ശാന്തമായി നടത്തുന്ന പ്രഭാത പ്രാർത്ഥനയുണ്ടായിരുന്നു. ഒരിക്കൽ പ്രാർത്ഥനയ്ക്കായി അദ്ദേഹം തയ്യാറെടുക്കുമ്പോൾ അദ്ദേഹം വസ്ത്രം മാറി. അദ്ദേഹം പതിവിൽ നിന്നും വ്യത്യാസം വരുത്തി. അദ്ദേഹം ഇങ്ങനെ വിവരിക്കുന്നു, " ഞാൻ ദൈവവചനം വായിച്ച് ധ്യാനിക്കുവാനിടയായി. അപ്പോൾ എന്റെ ഹൃദയത്തിൽ വലിയ ആശ്വാസം ഉണ്ടായി, ധൈര്യപ്പെട്ടു, വചനത്തിലൂടെയുള്ള താക്കീതുകളും നിർദ്ദേശങ്ങൾ നൽകപ്പെട്ടു, അതെന്നെ കൂടുതൽ വചനവായനയിലേക്കും ധ്യാനത്തിലേക്കും നടത്തി, കർത്താവുമായി കൂട്ടായ്മയുടെ പുതിയ അനുഭവങ്ങളിലേക്ക് നടത്തി.

" ഞാൻ ആരംഭിച്ചു, അതുകൊണ്ട് പുതിയ നിയമം വായിച്ച് ധ്യാനിക്കുവനിടയായി. ഒന്നാമത്തെ കാര്യം ഞാൻ ചെയ്തു, അതിന്റെ ശേഷം ദൈവത്തിന്റെ നടത്തിപ്പിനായും കാവലിനായും ദൈവത്തോട് പ്രാർത്ഥിച്ചു. വചനം ധ്യാനിച്ചു, എന്റെ ഹൃദയം അങ്ങനെ ആശ്വാസം പ്രാപിച്ചു, അങ്ങനെ തന്നെ ആയിരുന്നുവോ എന്ന് ഞാൻ പരിശോധിച്ചു, ഓരോ വാക്യങ്ങളിൽ നിന്നും കൂടുതൽ കൂടുതൽ ആശ്വാസം പ്രാപിച്ചു, എന്റെ പൊതുവായ ശുശ്രൂഷയ്ക്കുവേണ്ടിയല്ല, എന്തു ഞാൻ പ്രസംഗിക്കണം എന്നതിനെക്കുറിച്ചുമല്ല, എന്നാൽ, എന്റെ സ്വന്തം ആത്മാവിന്റെ പോഷണത്തിനായുള്ള എന്റെ ആഹാരത്തിനായി തന്നെ എന്റെ പ്രാർത്ഥനയായിരുന്നു. വളരെ വേഗം എന്റെ പ്രാർത്ഥനയ്ക്ക് ഫലം കണ്ടു, എന്റെ ആത്മാവ് എന്നെ ആരു അനുതാപത്തിലേയ്ക്ക് നടത്തി, നന്ദിയർപ്പണത്തിലേക്കും മദ്ധ്യസ്ഥതയിലേക്കും അനുതാപത്തിലേക്കും എന്നെ നടത്തി; അതായത്, ഞാൻ ഒരിക്കലും അതു ചെയ്തില്ല, പഴയതുപോലെ, എന്നാൽ ധ്യാനിക്കുക മാത്രം, വളരെ വേഗം ആശ്വാസവും മറുപടിയും ഞാൻ പ്രാപിച്ചു.

ദൈവവചനവായനയും ഒരുമിച്ചു പോകുന്നു എങ്കിൽ ഒരുവൻ സത്യമായും ഇത് അനുഭവമാക്കുന്നു എങ്കിൽ നിശ്ചയമായും നാം മറുപടി പ്രാപിക്കും.

ഇടവിടാതെയുള്ള പ്രാർത്ഥന, നമ്മുടെ പ്രധാന ദൗത്യം

നാം എപ്പോഴും പ്രാർത്ഥിക്കുന്നില്ല. നമ്മിൽ അനേകരുടെ കുഴപ്പം ഇതാണ്. നാം കുറച്ചു അധികം പ്രാർത്ഥിക്കേണ്ടതാണ്, നാം ചെയ്യുന്നതിനേക്കാൾ കുറച്ചുകൂടെ നീട്ടി പ്രാർത്ഥിക്കേണ്ടതാണ്.

റോബർട്ട്മുറേ, എം.സി. ചെയ്നി തുടങ്ങി അനുഗ്രഹിക്കപ്പെട്ട ദൈവദാസന്മാർ, ഇതിനെക്കുറിച്ചു പറഞ്ഞിരിക്കുന്നത്, " ഒരു മകൻ, ഒരു സഹോദരൻ, കൂട്ടുകാരൻ അല്ലെങ്കിൽ ഒരു പാസ്റ്റർ മാതൃകയായി തെറ്റില്ലാത്തവരായി ജീവിക്കാൻ ശ്രമിക്കേണം, ഒരു വിശ്വാസി സദാ സമയം മാതൃകയായി ജീവിക്കണം", അവൻ കൂടുതൽ സമയം മുഴങ്കാലിന്മേൽ നിൽക്കേണം, ഒരിക്കലും ക്ഷീണിച്ചു പോകാതെ, മറ്റുള്ളവർക്ക് ഒരനുഗ്രഹമാകേണം. " ദൈവജനം പ്രാർത്ഥിക്കേണ്ടവരാണ് ", അവർ പറയുന്നു. " അവർ രാപ്പകൽ ദൈവത്തോട് നിലവിളിക്കണം. ദൈവം ഓരോ രുത്തരുടെയും പ്രാർത്ഥന കേൾക്കുന്നു. പകലിന്റെ തിരക്കുകൾക്കിടയിലും രാത്രിയുടെ ഏകാന്തതയിലും പ്രാർത്ഥിക്കേണം".

മുറേയുടെ ഡയറിയിൽ ഇങ്ങനെ കാണപ്പെട്ടു, "ഞാൻ രാവിലെ ഒന്നും കാണും മുമ്പേ പ്രാർത്ഥിക്കും. ക്രിസ്തു പകൽ വരുമുമ്പേ എഴുന്നേറ്റ് പ്രാർത്ഥിപ്പാൻ ഒരു പ്രത്യേക സ്ഥലത്തേക്ക് പോയി. ദാവീദ് പറയുന്നു, അതിരാവിലെ ഞാൻ നിന്നെ അന്വേഷിക്കും; അതിരാവിലെ യേശുവിനെ കാണുവാൻ കല്ലറയ്ക്കൽ ഇരുട്ടുള്ളപ്പോൾ തന്നെ പോയി. ദൈവത്തോടുകൂടെ ആരംഭിക്കുന്നതാണ് നല്ലത് എന്ന് എനിക്കു തോന്നി, ആദ്യം അവിടുത്തെ മുഖം കാണണം, മറ്റെന്തെങ്കിലും അടുത്തു ചെല്ലുന്നതിന് മുന്നമേ എനിക്ക് അടുത്തു ചെല്ലണം. ഞാൻ ഉണരുമ്പോൾ, ഞാൻ അവിടുത്തോട് കൂടെയിരിക്കും. ഞാൻ വളരെ നേരം ഉറങ്ങുമ്പോൾ, അല്ലെങ്കിൽ നേരത്തേ ഞാൻ യാത്രയിൽ ആയിരിക്കുമ്പോൾ, മറ്റേതെങ്കിലും നിലയിൽ എന്റെ സമയം ചുരുങ്ങുമ്പോൾ, പൂർണ്ണമായി ഒഴിവാക്കുന്നതിനേക്കാളും അല്പ സമയം ദൈവസന്നിധിയിൽ ചെലവഴിക്കുക. എന്നാൽ പൊതുവായി, കുറഞ്ഞത് ഒരു മണിക്കൂർ ദൈവസന്നിധിയിൽ ചെലവഴിക്കുക. ദാവീദും ജോൺവെൽക്കും രാത്രിയിൽ ഉണർന്ന് പ്രാർത്ഥിക്കുമായിരുന്നു".

എം.സി. ചെയ്നി വിശ്വസിച്ചിരുന്നത് എല്ലായ്പ്പോഴും നാം പ്രാർത്ഥിക്കേണം എന്നാണ്, അദ്ദേഹത്തിന്റെ ഫലവത്തായ ജീവിതം, എന്നാൽ വളരെ ചെറുതാണ്, എന്നാൽ ജീവിതത്തിലൂടനീളം സംരക്ഷണവും കാവലും തരുന്ന വലിയവനായ ദൈവത്തിൽ നാം ആശ്രയിക്കേണം.

പ്രാർത്ഥിക്കുന്ന പുരുഷന്മാരും സ്ത്രീകളും ഈ കാലഘട്ടത്തിനാവശ്യം!

എം.സി.ചെയ്നിയപ്പോലെ ഉള്ളവരെ ഈ കാലഘട്ടത്തിനാവശ്യം പ്രാർത്ഥിക്കുന്ന മനുഷ്യർ, ഏറ്റവും വലിയ പ്രവൃത്തിക്കുള്ള സമയവും, ശ്രദ്ധയും എങ്ങനെ കൊടുക്കണം എന്ന് അവർക്കറിയാം. മദ്ധ്യസ്ഥതയുടെ വിശുദ്ധമായ പ്രവർത്തിക്കു പൂർണ്ണഹൃദയത്തോടെ നില്പാൻ പ്രാർത്ഥിക്കുന്ന മനുഷ്യർക്ക് കഴിയും. ദൈവം തന്നെത്താൻ മനുഷ്യനുവേണ്ടി ഏല്പിച്ചു. പ്രാർത്ഥിക്കുന്ന മനുഷ്യർ ദൈവത്തിന് രണ്ടാമനാണ്; അവർ അവിടുത്തെ വേല ചെയ്യുന്നു, തന്റെ പദ്ധതികളുമായി പോകേണം.

നാം ദൈവത്തിന്റെ രാജ്യത്തിലെ പൗരന്മാർ എന്ന നിലയൽ പ്രാർത്ഥിക്ക എന്നത് നമ്മുടെ ചുമതലയാണ്. വിശ്വാസിയും പ്രാർത്ഥനയെ തരംതാഴ്ത്തി ഒരു താഴ്ന്ന സ്ഥലത്തേയ്ക്കു മാറ്റി, ഒരിക്കൽ പ്രാപിച്ച ആത്മാവിന്റെ മുദ്രയെ നഷ്ടമാക്കി, സഭയും പ്രാർത്ഥനയെ നഷ്ടപ്പെടുത്തി സുവിശേഷത്തിന്റെ ആത്മാവിനെ നഷ്ടമാക്കി. പ്രാർത്ഥനയില്ലാതെ സുവിശേഷത്തന് ജീവനില്ല, യുദ്ധമില്ല, ജയമില്ല, ഇടതടവില്ലാതെ, സ്ഥിരമായി പ്രധാനം ആയിരിക്കണം.

സഭയുടെ ഇന്നത്തേയും എല്ലാക്കാലത്തിലുമുള്ള ആവശ്യം എന്നത് വിശ്വാസം ഉള്ളവരായിരിക്കുക, വിശുദ്ധിയിൽ നിലനിൽക്കുക, ആത്മീകമായി ഉണർവ്വോടെ നിൽക്കുക, ആത്മിക കാഴ്ചപ്പാടുള്ളവരായി എപ്പോഴും പ്രാർത്ഥിക്കുന്നവരായിരിക്കുക.❖

തിരുവചന പ്രാർത്ഥനയ്ക്കു വേണ്ടിയുള്ള 27 കാരണങ്ങൾ

1. യേശു വചനമാണ് (യോഹ.1:1,2,14).

2. ഇത് യേശുവിന്റെ വചനമാണ് (മത്താ. 4:1-11)

3. ഇത് സഭയുടെ മാതൃകയാണ് (അപ്പോ.പ്ര. 4:23: 31).

4. ദൈവത്തിന്റെ വചനം ദൈവത്തിന്റെ ഇഷ്ടമാണ് (2 തിമൊ. 3:16,17).

തിരുവചനം പഠിക്കുന്നത് ദൈവത്തിന്റെ വചനം അറിയുകയും അനുഷ്ടിക്കുകയും ചെയ്യുക (യോഹ. 5:14,15). തിരുവചനം ദൈവത്തിന്റെ ഇഷ്ടത്തെക്കുറിച്ചും ദൈവരാജ്യത്തെക്കുറിച്ചുള്ള അവിടുത്തെ തിരുവിഷ്ടത്തെക്കുറിച്ചും പഠിപ്പിക്കുന്നു. ദൈവരാജ്യത്തെക്കുറിച്ച് ദൈവത്തിന്റെ ഹൃദയത്തിലുള്ളതെന്തെന്ന് പഠിപ്പിക്കുന്നു. (യോഹ. 6:38 14:10; 13:34,35; 17:20-26, 1തിമൊ.2:1-4; മത്തായി 9:37,38); തിരുവചനം ദൈവരാജ്യത്തൽ നമ്മുടെ സ്ഥാനം എവിടെ എന്ന് പഠിപ്പിക്കുന്നു (1തെസ്സ. 5:16,17; ഫിലി.2:13; റോമ.12:2; യെശ. 30:21; 48:17; സങ്കീ. 86:11; 119:105)

5. നമ്മെക്കുറിച്ചും മറ്റുള്ളവരെക്കുറിച്ചും ഉള്ള ദൈവത്തിന്റെ ഉദ്ദേശത്തെക്കുറിച്ചു പ്രാർത്ഥിക്കുന്നതിനുവേണ്ടി തിരുവചനം നമ്മെ അനുവദിക്കുന്നു. 1തിമൊ. 4:12; സംഖ്യ 6:24-26; 2തെസ്സ. 2:16,17;3:5, 16: റോമർ 15:13; 2കൊരി. 13:14)

6. തിരുവചന പ്രാർത്ഥന, നമ്മുടെ പ്രാർത്ഥനയിൽ ഉറപ്പും ധൈര്യവും പകർന്നു തരുന്നു (യോഹ. 15:7; മത്താ. 21:22; 1യോഹ. 5:14,15)

7. തിരവചനം നമുക്ക്, വളരെ മനോഹരമായ പൂർണ്ണമായ സമ്പന്നമായി പ്രാർത്ഥനയുടെ പാടവം നൽകുന്നു (145-ാം സങ്കീർത്തനവും തുടർന്നുള്ള സങ്കീർത്തനവും.

8. നമ്മുടെ ജീവിതങ്ങളെ പുതുമയിലും അത്ഭുതകരവുമായും നമ്മെ കാക്കുവാൻ ദൈവത്തിന്റെ വചനം നമ്മെ സഹായിക്കുന്നു.

9. ദൈവത്തിന്റെ വചനങ്ങൾ നിർമ്മല വചനങ്ങൾ ആകുന്നു (സങ്കീ. 12:6; 18:30).

10. ദൈവത്തിന്റെ വചനം എന്നേക്കും നിലനിൽക്കുന്നത് (ലൂക്കോ. 21: 33; 1 പത്രൊ. 1:25; സങ്കീ.119:89)

11. തിരുവചന പ്രാർത്ഥന, ദൈവവുമായിട്ടുള്ള സഖിത്വം മെച്ചപ്പെടുത്തുവാനും അവിടുത്തെ കൂടുതൽ അറിയുവാനും നമ്മെ സഹായിക്കുന്നു (സങ്കീ. 63:1-8).

12. അവിടുത്തെ വചനം, പ്രാർത്ഥനയിൽ നമ്മുടെ ശ്രദ്ധ മെച്ചപ്പെടുത്തുവാൻ നമ്മെ സഹായിക്കുന്നു (സങ്കീ.141 :8; 2 ദിന.20:12).

13. തിരുവചന പ്രാർത്ഥന, ആത്മാവിന്റെ ഒരു വാൾ ആണ്, ശത്രുവിന് എതിരെ നില്പാനുള്ള അധികാരം നമുക്കു തരുന്നു (എഫെ. 6:10-18; സങ്കീ:44:5).

14. തിരുവചന പ്രാർത്ഥന. നാം പ്രാർത്ഥിക്കുമ്പോൾ തന്നെ മറുപടി തരുന്നു, കേൾക്കുവാനും മറുപടി തരുവാനുമുള്ള നമ്മുടെ ദൈവത്തിന്റെ കഴിവിനെക്കുറിച്ചുള്ള വിശ്വാസത്തിൽ വളരുവാനും സഹായിക്കുന്നു.

15. തിരുവചന പ്രാർത്ഥന, ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മിലും നമ്മിലൂടെയും പ്രവർത്തിപ്പാൻ നമ്മെ അനുവദിക്കുന്നു (എഫെ. 6:17,18; യോഹ. 14:26).

16. തിരുവചന പ്രാർത്ഥന, പാപപ്രവൃത്തിയിൽ നിന്നും ഒരനുതാപം മുണ്ടാകുവാൻ നമ്മെ സഹായിക്കുന്നു (ലൂക്കൊ.18:13).

17. തിരുവചന പ്രാർത്ഥന നമ്മെ പാപത്തിൽ നിന്നും വിടുവിച്ച് സംരക്ഷിക്കുന്നു. (സങ്കീ. 119:11).

18. തിരുവചന പ്രാർത്ഥന, ദൈവവചനത്തെ അനുസരിക്കുവാൻ നമ്മെ സഹായിക്കുന്നു. (സങ്കീ. 119:33 -37; യാക്കോ.1:22).

19. തിരുവചന പ്രാർത്ഥന, കേട്ട് അനുസരിച്ച് അനഗ്രഹം പ്രാപിപ്പാൻ നമ്മെ സഹായിക്കുന്നു, (ലൂക്കോ.11:28).

20. ദൈവത്തിന്റെ വചനം എല്ലായ്പ്പോഴും അവിടുന്ന് ആഗ്രഹിക്കുന്നതുപോലെ നമ്മെ നടത്തുന്നു (യെശ. 55:11).

21. തിരുവചനത്തിന്റെ വാഗ്ദത്തം നമ്മെ ധൈര്യപ്പെടുത്തി ഉയർത്തുന്നു. (യോശുവ. 1:5; യിരെ. 29:11-13).

22. തിരുവചന പ്രാർത്ഥന ശക്തിയുള്ളതാണ്, കാരണം ഇത് സത്യമാണ്. (യോഹ. 17:17; 8:31, 32;സങ്കീ. 33:4; എഫെ.1:13).

23. ഇത് ദൈവത്തിന്റെ ഹൃദയത്തെ സന്തോഷിപ്പിക്കുന്നു, പ്രാർത്ഥിക്കുന്നവൻ ദൈവത്തിൽ സന്തോഷിക്കുന്നു, ദൈവത്തിന്റെ വചനം അവിടുത്തെ ഹൃദയത്തെ സന്തോഷിപ്പിക്കുന്നു.

24. തിരുവചന പ്രാർത്ഥനയുടെ സ്ഥിരത, വിശ്വാസികളെ സാക്ഷ്യത്തിനായി ബലപ്പെടുത്തുന്നു (1പത്രൊ. 3:15).

25. തിരുവചന പ്രാർത്ഥന നമ്മെ ഒരു സ്ഥിരമായ അടിസ്ഥാനത്തിന്മേൽ നമ്മെ ഉയർത്തുന്നു. (ലൂക്കോ. 6:47,48)

26. തിരുവചന പ്രാർത്ഥന, ദൈവത്തേയും ദൈവത്തിന്റെ സൃഷ്ടികളെയും അംഗീകരിപ്പാൻ നമ്മെ സഹായിക്കുന്നു.(1തിമൊ. 4:4,5; സങ്കീ.33:6)

27. നമ്മൾ തിരുവചനത്തിന് വേണ്ടി പ്രാർത്ഥിക്കണം. കാരണം ദൈവം മഹത്വത്തിനും പുകഴ്ചയ്ക്കും യോഗ്യൻ (യോഹ. 14:4; 14:13; സ,ങ്കീ. 145:10-12).

❖

ഞങ്ങളുടെ ദിനം പ്രതിയുള്ള ആഹാരം

By Octavius Winslow

" ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ഇന്ന് തരേണമേ" (മത്താ. 6:11).

ഓരോ ദിവസവും നമുക്കാവശ്യമായ വിശ്വാസം നൽകുവാൻ ദൈവത്തിന്റെ പക്കൽ ഉണ്ട്. നാം ജഡത്തിൽ ജീവിക്കുമ്പോൾ ധാരാളം വൈരുദ്ധ്യങ്ങൾ നമ്മുടെ ജീവിതത്തിലുണ്ട്. കർത്താവിൽ വിശ്വസിച്ചു ഭക്തിയോടെ നാം ജീവിക്കണം, ഓരോ ദിവസവും ദൈവത്തിനായി കാത്തിരുന്നു ജീവിക്കണം.

ഇന്ന്, എന്റെ പിതാവേ, ഇന്നലത്തെ നന്മകൾ എനിക്കു കിട്ടി; നാളെയും ദൈവത്തോട് കൂടെയണ്ട്; ഇന്ന് ജീവിപ്പാൻ ആവശ്യമായ നന്മകൾ തരേണമേ. ന്യായ വിധിയുടെ വ്യക്തത, തീരമാനത്തിന്റെ ശ്രേഷ്ഠത, തിരുവിഷ്ടത്തിന്റെ ഉറപ്പു, അവിടുത്തെ തത്വങ്ങളുടെ വ്യക്തത, ഹൃദയത്തിന്റെ സ്ഥിരത, ധാർമ്മികമായ ധൈര്യം ക്രിസ്തുസമാനമായ സൗമ്യത, വിശുദ്ധ സ്നേഹം, കാത്തിരിപ്പും പ്രാർത്ഥനയും ഞങ്ങൾക്ക് തരേണമേ.

ഏത് പരീക്ഷ എനിക്ക് വരും എന്ന് ഞാൻ അറിയുന്നില്ല, ഏതു ശത്രു എന്ന ആക്രമിക്കും എന്ന് ഞാൻ അറിയുന്നില്ല, ഏതു പരീക്ഷ കടന്നു വരും എന്ന് അറിയുന്നില്ല, ഏതു മേഘം എന്നെ മൂടും എന്ന് അറിയുന്നില്ല, ഏതു കഷ്ടം എനിക്കു വരും എന്ന് അറിയുന്നില്ല, ഏതു സാഹചര്യങ്ങൾ എന്റെ ആത്മാവിനെ മുറിവേൽപിക്കും എന്ന് ഞാൻ അറിയുന്നില്ല.

കർത്താവേ കൃപ തരേണമേ, ബലം, സ്നേഹം, വഴികാണിക്കൽ, വിശ്വാസം ഇന്നത്തെ ആഹാരം എനിക്ക് തരേണമേ.

❖

ദിനംപ്രതി അനുഗ്രഹങ്ങൾ അന്വേഷിക്കുന്നവരായിരിക്ക

By James Smith

നാം ദിനംതോറും ധാരാളം വലിയ അനുഗ്രഹങ്ങൾ ആവശ്യപ്പെടുന്നുണ്ട്, കൃപാസനത്തിൽ അത് അപേക്ഷിക്കുകയും അംഗീകരിക്കപ്പെടുകയും ചെയ്യുന്നുണ്ട്. എല്ലാ നമ്മുടെ ആവശ്യവും കർത്താവിൽ ആണ്, നമുക്കു വേണ്ടി കാർത്താവിൽ അത് സംഗ്രഹിച്ചിരിക്കുന്നു. എന്നാൽ അവ നാം മനസില്ലാക്കിയിരിക്കേണം; നാം പ്രതീക്ഷിക്കുന്നതിന് മുമ്പായി ഏത് വഴിക്കാണ് ദൈവം നമുക്ക് അതു തുരവാൻ നിശ്ചയിച്ചിരിക്കുന്നത് എന്ന് നാം അന്വേഷിക്കേണം. അവിടുത്തെ വചനം, അന്വേഷിപ്പിൻ എന്നാൽ നിങ്ങൾ കണ്ടെത്തും" (മത്താ. 7:7). "അവിടുത്തെ സന്നിധിയിലേക്ക് അടുത്തു ചെല്ലുക, കൃപയോടെ കാത്തിരിക്ക, അവിടുത്തെ കരങ്ങളിൽ നിന്നുള്ള ഏഴു കാര്യങ്ങൾ ശ്രദ്ധിക്കാം.

ആദ്യമായി, വിശ്വാസം: ഇതു വലിയൊരു അനുഗ്രഹമണ്. മറ്റെല്ലാ അനുഗ്രഹങ്ങളുടെയും ഒരു മുന്നോടിയാണ്. വിശ്വസിക്കുവാൻ, ജീവനും ഭക്തിക്കും വേണ്ടിയതൊക്കെയും നമുക്ക് ദൈവത്തിൽ നിന്നും പ്രതീക്ഷിക്കാം. സത്യവിശ്വാസം ലോകത്തെ അതിജീവിക്കുന്നു. സ്നേഹത്താൽ പ്രവർത്തിക്കുന്നു, ഹൃദയത്തെ ശുദ്ധീകരിക്കുന്നു. ഇത് വീണ്ടും ജനനത്തിന് തെളിവാണ്, നിത്യജീവന്റെ ആരംഭമാണ്, എല്ലാ നല്ല പ്രവൃത്തികളുടെയും ഉറവിടമാണ്. വിശ്വാസം അവകാശമാക്കുന്നു, ആലിംഗനം ചെയ്യുന്നു, ദൈവത്തിന്റെ വാഗ്ദത്തങ്ങളെ അപേക്ഷിക്കുന്നു; പരിശ്രമിക്കുന്നു, അവകാശമാക്കുന്നു. കർത്താവായ യേശുവിനെ മുറുകെ പിടിക്കുന്നു; ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിക്കുന്നു, ദൈവത്തിന്റെ ബലവും അവകാശമാക്കുന്നു; ശത്രുക്കളെകീഴടക്കുന്നു; ഇത് കർത്താവിനായി കാത്തിരിക്കുന്നു, വാഗ്ദത്തങ്ങൾക്കായി വിളിച്ചപേക്ഷിക്കുന്നു, ആത്മാവിന് ആവശ്യമായ എല്ലാ അനുഗ്രഹങ്ങളും ഏറ്റെടുക്കുന്നു. വിശ്വാസം ഭയത്തെ കീഴടക്കുന്നു, സംശയവിചാരങ്ങളെ ദൂരീകരിക്കുന്നു, ആത്മാവിനെ സന്തോഷം കൊണ്ടും സമാധാനം കൊണ്ടും നിറെയ്ക്കുന്നു. ഇത് ഇരുളിൽ നടക്കുമാറാക്കുന്നു, കഷ്ടതയിൽ ആശ്രയിക്കുന്നു. കർത്താവേ, എന്റെ വിശ്വാസത്തെ വർദ്ധിപ്പിക്കേണമേ!

രണ്ടാമതായി: ഒരു നല്ല പ്രത്യാശ. ഇത് കൃപയിൽ നിന്നും പകരപ്പെടുന്നു, ഇത് പരിശുദ്ധാവിൽ നിന്നും വരുന്നു. ഇത് നല്ല കാര്യങ്ങൾ തെരഞ്ഞെടുക്കുന്നു, ഭാവിയിലേക്ക് ഉറ്റു നോക്കുക. നിരാശയിൽ നിന്നും നെടുവീർപ്പിൽ നിന്നും വിടുവിക്കുന്നു. നല്ല പ്രത്യാശ ഒരു നങ്കൂരമായി ആത്മാവിനെ ഉറപ്പിച്ചു നിർത്തുന്നു. കർത്താവേ, കൃപയിലൂടെ ഉള്ള ഒരു നല്ല പ്രത്യാശ ഞങ്ങൾക്കു തരേണമേ, പരിശുദ്ധാത്മാവിനാൽ പ്രത്യാശയോടെ നില്പാൻ കൃപ ചെയ്യേണമേ!

മൂന്നാമതായി: ജീവകാരുണ്യ പ്രവർത്തികൾ. ഇത് ഒരിക്കലും തോൽക്കുന്നില്ല. ദൈവസ്നേഹം ഞങ്ങളുടെ ഹൃദയങ്ങളിൽ ഒഴുക്കി, അങ്ങനെ സ്നേഹിപ്പാൻ ഞങ്ങളെ സഹായിക്കേണമേ, ദൈവം സ്നേഹിക്കുന്ന എല്ലാറ്റെയും സ്നേഹിപ്പാൻ ഞങ്ങളെ സഹായിക്കേണമേ. ജീവ കാരുണ്യ പ്രവൃത്തികൾ, അത് ദൈവത്തിൽ നിന്നും വരുന്നു, ദൈവത്തിൽ കേന്ദ്രീകരിക്കുന്നു, ദൈവത്തിങ്കലേക്ക് നടത്തുന്നു, ദൈവത്തെപ്പോലെ അതിനെ അവരിൽ എത്തിക്കുന്നു. സ്നേഹത്തിലേക്കുള്ള വിശുദ്ധി മറ്റൊന്നിനും തരുവാൻ സാദ്ധ്യമല്ല, ആ മുദ്ര കർത്താവിന്റെ മഹത്വത്തിന് ഉള്ളതാണ്, അങ്ങനെ ഭക്തന്മാർ, ദൈവത്തിനുവേണ്ടി, വിശുദ്ധിയിൽ സ്വർഗ്ഗീയ കാര്യങ്ങൾക്കു വേണ്ടി പ്രവർത്തിക്കുന്നു. ഇത് ദൈവത്തിന്റെ പ്രകൃതിയിൽ എഴുന്നേറ്റ് മദ്ധ്യസ്ഥന്റെ ഹൃദയത്തിലൂടെ ഒഴുകി, പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളെ നിയന്ത്രിച്ച്, അവിടുത്തെ ദിവ്യ സ്വഭാവത്തോട് ഏകീഭവിക്കുന്നു. ദൈവത്തെ മഹത്വപ്പെടുത്തുന്നവൻ ഒരു നാളും പരാജയപ്പെടുവാൻ കഴിയുകയില്ല, ആളുകൾക്ക് തുലാഭാരം, സന്തോഷകരവും ആകുന്നു. ഇത് പ്രകൃതിയിൽ അഭൗമികം, പ്രവൃത്തിയിൽ ശക്തിയുള്ളത്, പരിണതഫലം മഹത്വമേറിയത്. കർത്താവേ എന്റെ ഹൃദയത്തെ സ്നേഹത്താലും വിശുദ്ധിയാലും നിറയ്ക്കേണമേ.

നാലാമതായി താഴ്മ: ഇത് ഒരു മഹത്തായ കൃപയാണ്. വളരെ മനോഹരമായി ഞാൻ കാണുന്നു, സ്നേഹം നിറഞ്ഞത്, മഹത്വം ഇതിലുണ്ട്. ഞാൻ ചെയ്ത ഏതു പ്രവൃത്തികളെക്കാളും നമ്മുടെ രക്ഷകൻ എല്ലായ്പ്പോഴും ധരിക്കുന്ന വസ്ത്രം. ഇത് അവിടുന്ന് പറഞ്ഞതും ചെയ്തതുമായ സന്തോഷം ദൈവകൃപയാൽ നൽകപ്പെടുന്നു. ഇത് നല്ല വസ്ത്രങ്ങളിൽ ഒന്നാണ്, പൊതുവായി ഇതു കൂടാതെ നാം നഗ്നരാണ് (1പത്രൊ. 5;5). ആന്തരികവിഭാഗീയതകളാൽ കണ്ണീരിൽ ആയിരിക്കുമ്പോൾ, വിശ്വാസികൾ പരിശോധനകളിലും കഷ്ടങ്ങളിലും ആയിരിക്കുമ്പോൾ, കഷ്ടതയടെ കയ്പു വിത്തുകൾ വിതെയ്ക്കുമ്പോൾ ഞാൻ സത്യമായി താഴ്ചയിൽ ഇരുന്നപ്പോൾ, ഞാൻ സന്തോഷമായിരിക്കേണം, യഹോവ വസിക്കുന്നു. അവിടുന്ന് സ്നേഹത്തോടെ നോക്കുന്നു, പ്രകാശിക്കുന്നു, സംതൃപ്തിമായിരിക്കുന്നു. അഹങ്കാരം ദൈവം വെറുക്കുന്നു, ആളുകൾക്ക് ഹാനികരം ആണ്; സാത്താൻ നമ്മുടെ ഉള്ളിൽ അഹങ്കാരം കൊണ്ടു വരുന്നു. " ദൈവം നിഗളികളോട് എതിർത്തു നില്ക്കുന്നു " (യാക്കോ. 4:6). അവിടുന്ന് അവയെ അകറ്റി നിർത്തുന്നു, അങ്ങനെയുളളവർ ദൈവസന്നിധിയിൽ വരുവാൻ അവിടുന്ന് അനുവദിക്കുന്നില്ല (സങ്കീ. 88:6). കർത്താവേ, യഥാർത്ഥ താഴ്മയിലേക്ക് എന്നെ നടത്തേണമേ, ഞാൻ അതിനെ വസ്ത്രം പോലെ ദിനംപ്രതി ധരിക്കുമാറാകട്ടെ!

അഞ്ചാമതായി : ദൈവഹിതത്തിനായുള്ള സമർപ്പണം ഇത് സ്വാഭാവികമായി ഒരു വലിയ കാര്യമാണ് ദൈവത്തിന്റെ ഹൃദയത്തിനു സമർപ്പിക്ക എന്നത്; അവിടുത്തെ ഇഷ്ടത്തിനായി, എല്ലാ വിഷയത്തിലും, എല്ലാ കാര്യത്തിലും സമർപ്പിക്കുക. സമർപ്പിക്കേണം എന്നതിൽ നാം സന്തോഷിക്കേണം, അസാദ്ധ്യമായി ഒന്നുമില്ല. ദൈവത്തിന്റെ ഇഷ്ടത്തിന് നിരക്കുന്നതാണോ എന്ന് ചിന്തിക്കാതെ പലപ്പോഴും

(ശേഷം 11-ാം പേജിൽ)

(10-ാം പേജിന്റെ തുടർച്ച)

ദിനംപ്രതി അനുഗ്രഹങ്ങൾ അന്വേഷിക്കുന്നവരായിരിക്ക

നമ്മുടെ ഇഷ്ടം നാം അന്വേഷിക്കുന്നു, നമ്മുടെ സ്വന്തം വഴികൾ അന്വേഷിക്കുന്നു. അവിടുന്ന് ബുദ്ധിമാൻ ആയിരിക്കേണം, അവിടുന്ന് മാത്രം ബുദ്ധിയുള്ള ദൈവം; ഇത് നല്ലതായിരിക്കേണം, അവിടുന്ന് സ്നേഹം ആകുന്നു; ഇത് നീതി ആയിരിക്കേണം, എല്ലാവഴികളിലും അവിടുന്ന് നീതിമാനാണ്, തന്റെ എല്ലാ പ്രവൃത്തികളിലും അവിടുന്ന് വിശുദ്ധനാണ്. അവിടുന്ന് മാത്രം ഇഷ്ടപ്പെടുന്നു. അത് അവിടുത്തെ നാമത്തെ മഹത്വപ്പെടുത്തുന്നു, ആളുകൾക്ക് നേട്ടം, തന്റെ ശത്രുക്കളെ അവിടുന്ന് താഴ്ത്തുന്നു. അധികം ദൈവത്തിന്റെ ഇഷ്ടത്തിന് സമർപ്പിക്കു! എന്റെ ജഡത്തിന്റെ ചിന്തകളെ മരിപ്പിക്കേണം, എന്റെ മുഴു ആത്മാവും ദൈവത്തിന്റെ സമ്പൂർണ്ണ ഇഷ്ടത്തിന് സമർപ്പിക്കട്ടെ.

ആറാമതായി: ക്രിസ്തുവിനെക്കുറിച്ചുള്ള അറിവിൽ, " ജ്ഞാനത്തിന്റെയും വെളിപ്പാടിന്റെയും ആത്മാവ് " (എഫെ. 1:7). ഇതിനെ ഞങ്ങൾക്ക് ആഴമായി ആവശ്യമുണ്ട്. അതിനെ ദിനംതോറും അന്വേഷിക്കേണം. ഇതുവരെയും യേശുവിനെ വളരെകുറച്ചു മാത്രമേ അറിഞ്ഞിട്ടുള്ളൂ. ആ അനുഗ്രഹിക്കപ്പെട്ട ആശ്വാസപ്രദനെ ഞങ്ങൾക്കു വേണം, തന്റെ ആളത്വത്തിന്റെ മഹത്വത്തിൽ ഞങ്ങൾക്ക് വെളിപ്പെടുത്തിത്തരേണമേ, തന്റെ സ്വഭാവത്തിന്റെ മനോഹാരിത, തന്റെ രക്തത്തിന്റെ വില, സൗജന്യമായ തന്റെ കൃപ, തന്റെ ആഴമായ സൗന്ദര്യം തന്റെ സഹതാപത്തിന്റെ വശ്യത, തന്റെ മഹത്വത്തിൽ നിന്നുള്ള അനുസരണം, തന്റെ സ്ഥാനത്തിന്റെ തികവ്, തന്റെ നിറവുകൾ, അതെ, അവിടുത്തെയും അവിടുത്തെ പുനരുത്ഥാനത്തിന്റെ ശക്തിയെ അറിയുകയും തന്റെ മരണത്തോട് ഏകീഭവിക്കുകയും ചെയ്യുക! ശക്തിയെയും അറിയുകയും തന്റെ മരണത്തോട് ഏകീഭവിക്കുകയും ചെയ്യുക! പരിശുദ്ധാത്മാവേ, അവിടുത്തെ പ്രവൃത്തി ഞങ്ങൾക്കായി വെളിപ്പെടുത്തേണമേ, പുത്രനെ ഞങ്ങളിലൂടെ മഹത്വപ്പെടുത്തേണമേ. അവിടുത്തെ മഹത്വം ഞങ്ങൾക്ക് വെളിപ്പെടുത്തേണമേ; അവിടുന്ന് ഞങ്ങൾക്ക് ജ്ഞാനത്തിന്റെ വചനവും വെളിപ്പാടിന്റെ വചനവും ആയിരിക്കേണമേ, ക്രിസ്തുവിനെ പൂർണ്ണമായി അറിയുവാൻ, ഹൃദയയാംഗമായി സ്നേഹിപ്പാൻ, മനസിലും, ശരീരത്തിലും, ആത്മാവിലും അവിടുത്തെ മഹത്വപ്പെടുത്തുവാൻ അടിയങ്ങളെ സഹായിക്കേണേമേ! അതെ, അവിടുത്തെ അറിയുവാൻ അവിടുത്തെ ആശ്രയിപ്പാൻ, അവിടുത്തോട് സഖിത്വമോടിരിപ്പൻ, കൂടുതലായി സ്നേഹിപ്പാൻ നഷ്ടപ്പെട്ട പാപികൾക്ക് വേണ്ടി അധികം പ്രാർത്ഥിപ്പാൻ ഞങ്ങളെ സഹായിക്കേണമേ.

ഏഴാമതായി: പ്രയോജനകരം. ഒരുവൻ തന്റെ ജീവിതത്തിൽ ഉപയോഗപ്രദമല്ലാത്ത ജീവിതം നയിക്കുന്നു എങ്കിൽ തനിക്ക് എങ്ങനെ ഉപയോഗപ്രദമായുള്ള ജീവതം ആസ്വദിപ്പാൻ കഴിയും? അതെ പാപികൾക്ക് പ്രയോജനമുള്ളവനായി വയോജനങ്ങൾക്ക് പ്രയോജനമുള്ളവനായി! പ്രയോജന പ്രദമായുള്ള ഒരു ജീവിതം ക്രിസ്ത്യാനിത്വത്തിന് ആഭരണമാണ്. സുവിശേഷം എല്ലായ്പ്പോഴും പഠിപ്പിക്കുന്നത് നല്ലവനായിരുന്നു നന്മ പ്രവർത്തിക്കുവാനാണ്. ഒരു ഉപയോഗമുള്ള തലം ജീവിതത്തിൽ അന്വേഷിക്കാം, വീട്ടിൽ പ്രയോജനമുള്ള ഒരു ഉപകരണമായി എന്നെ തീർക്കണമേ എന്ന് കർത്താവിനോട് അപേക്ഷിക്കാം. ജീവിതത്തിൽ നന്മ മാത്രം ചെയ്തു ജീവിപ്പാനുള്ള കൃപയ്ക്കായി ദൈവത്തോട് അപേക്ഷിക്കാം. കൃപ, അവസാനത്തോളം മഹത്വമായിരിക്കേണ്ടതിനായി, എല്ലാ വഴികളിലും ഉപയോഗമുള്ളവരായിരിപ്പാൻ; അധികം കൃപ നമ്മിൽ ഉണ്ടെങ്കിൽ, ഒരിക്കലും അതിൽ തൃപ്തിപ്പെടാതെ, ദൈവത്തെ അധികം മഹത്വപ്പെടുത്തി, ഒന്നുകിൽ അവിടുത്തെ വേല ചെയ്ക അല്ലെങ്കിൽ തന്റെ ഇഷ്ടത്തിനായി കഷ്ടം സഹിക്ക. അധികം കൃപ നമുക്ക് ഉണ്ടെങ്കിൽ അധികം ദൈവത്തെ മഹത്വപ്പെടുത്തുവാൻ വാഞ്ചിക്ക, നമ്മുടെ ചുറ്റുപാടും ഉള്ള എല്ലാവർക്കും പ്രയോജനം ഉള്ളവരായിരിക്കുക. ഇത് തെളിയിക്കുന്നത് ആത്മീക ജീവിതത്തിന്റെ അവസ്ഥയാണ്. അവൻ ഉപയോഗമില്ലാത്ത ഒരു ജീവിതമാണ് ആഗ്രഹിക്കുന്നതെങ്കിൽ, തന്റെ കൂട്ടുകാർക്ക് അത് ഇഷ്ടമില്ലാത്ത ദിവസമായിരിക്കും.

സ്നേഹിതാ, ഓരോ ദിവസവും ദൈവത്തിൽ നിന്നും വിശ്വാസം അന്വേഷിക്കാം, അത് ദൈവത്തിൽ അധികം വിശ്വസിപ്പാൻ ഇടയാകും. അങ്ങനെ വിശ്വാസത്തിൽ ബലപ്പെട്ട് ദൈവത്തെ മഹത്വപ്പെടുത്തുവാൻ കഴിയും. പരിശോധനകളും കഷ്ടങ്ങളും ഉള്ള ലോകത്തിൽ ജീവനുള്ള പ്രത്യാശയെ അവകാസമാക്കി ജീവിപ്പാൻ നമുക്കു കഴിയും. സ്നേഹമായ ദൈവത്തിൽ നിന്നും വിശുദ്ധ സ്നേഹം നമുക്കു അന്വേഷിക്കാം, നാം എന്തു നേടിയാലും, എന്തു ചെയ്താലും, എന്തു കഷ്ടപ്പെട്ടാലും, ഒരു ജീവകാരുണ്യം ഇല്ല, ഒരു നേട്ടവും ഇല്ല. നമുക്ക് ആഴമായ താഴ്മയെ അന്വേഷിക്കാം, നമുക്ക് തിരുമുമ്പാകെ താഴ്മയോടെ നടക്കാം, ദൈവത്തിന്റെ നാമത്തെ ഉയർത്താം, ദൈവത്താൽ ഉയർത്തപ്പെടാം, ദൈവത്തിന്റെ ബലമുള്ള കൈക്കീഴ് താണിരിക്കാം, തക്കസമയത്ത് അവിടുന്ന് നമ്മെ ഉയർത്തും. ദൈവഹിതത്തിന് നമ്മെ സമർപ്പിക്കാം. ബൈബിളിൽ വായിക്കുന്നതുപോലെ ദൈവസന്നിധിയിൽ സമർപ്പിക്കാം. പരിശുദ്ധാത്മാവിനെ നുക്കു അന്വേഷിക്കാം. ജ്ഞാനത്തിന്റെയും വെളിപ്പാടിനെ ആത്മാവിനെ, ക്രിസ്തുവിനെ കതൃടുതലായി അറിയുവാൻ, അനുഭവത്തിലൂടെ ഉള്ളതുപോലെ: അവിടുത്തെ നമുക്കു വിശ്വസിക്കാം, അവിടുത്തെ വചനത്തിൽ ആശ്രയിക്കാം, അവിടുത്തെ നാമത്തിന് പ്രയോജനകരമായി ജീവിക്കാം, ലോകത്തിലും സഭയിലും. ദൈവം ഏറ്റവും ചെറുതിനെ ഉപയോഗിക്കുന്നു, തന്റെ പ്രവൃത്തി കാണിക്കുവാനും, ഒരുവനും തന്റെ ഹൃദയത്തിന്റെ ആഗ്രഹപ്രകാരം ഉപയോഗമുള്ളവനായിരിപ്പാൻ സാദ്ധ്യമല്ല. ജീവിച്ച് തന്റെ ഹൃദയപ്രകാരം ദൈവത്തിന് പ്രസാദമുള്ളവനായിരിപ്പാൻ കഴികയില്ല. ദൈവം മാത്രം തീരുമാനിക്കും നല്ലതും, ലളിതവും ആത്മീകവും ഭക്തനുമായ ഒരു മനുഷ്യൻ എങ്ങനെ ജീവിക്കണം എന്ന്. "ആകയാൽ എന്റെ പ്രിയ സഹോദരന്മാരേ നിങ്ങൾ ഉറ

(ശേഷം 12-ാംപേജിൽ)

(11-ാംപേജിന്റെ തുടർച്ച)

ദിനംപ്രതി അനുഗ്രഹങ്ങൾ അന്വേഷിക്കുന്നവരായിരിക്ക

പ്പുള്ളവരും കുലുങ്ങാത്തവരും നിങ്ങളുടെ പ്രയാണം കർത്താവിൽ വ്യർത്ഥമല്ല എന്ന് അറിഞ്ഞിരിക്കയാൽ കർത്താവിന്റെ വേലയിൽ എപ്പോഴും വർദ്ധിച്ചു വരുന്നവരും ആകുവിൻ” (1കൊരി. 15:58). ❖

പ്രാർത്ഥന എന്നത് എന്റെ കരങ്ങളിൽ തന്നിരിക്കുന്ന ഏറ്റവും വലിയ ആയുധമാണ്, ഏതു പ്രതിസന്ധിയിലും പ്രയോഗിപ്പാൻ കഴിയുന്ന ആയുധം, ഏതു പ്രതിസന്ധിയിലും വ്യക്തിമായി മറുപടി, വാഗ്ദത്തത്തിന്റെ ഉറവിടങ്ങളുടെ പൂട്ടുകൾ തുറക്കുവാനുള്ള താക്കോൽ. കൃപയുടെ സഹായവും അതാതു സമയ്ത്തു എത്തിക്കുന്നു. നമ്മുടെ ആവശ്യങ്ങളുടെ മുഖത്ത് ഊതുവാൻ നമ്മെ ഏല്പിച്ചിരിക്കുന്ന വെള്ളിക്കാഹളം, ആവശ്യങ്ങളുടെ മുഖത്ത് കരയുവാനും ശ്രദ്ധിക്കുവാനും, അമ്മയെപ്പോലെ കുഞ്ഞിന്റെ കരച്ചിൽ കേൾക്കുന്ന ദൈവം. തന്റെ ഭക്തൻ മുഴങ്കാലിൽ നില്ക്കുമ്പോൾ കരുണ കാണിക്കുന്ന ദൈവം.

J.C.Ryle

എന്തുകൊണ്ടാണ് അനേകം വിശ്വാസികൾ മറ്റുള്ളവരെക്കാളും കൂടുതൽ ഊർജ്ജസ്വലരായും വിശുദ്ധരും ആയി കാണപ്പെടുന്നത്? ഞാൻ വിശ്വസിക്കുന്നു. ഇരുപതിൽ പത്തൊൻപതു വിശ്വാസികളും വ്യത്യസ്തരായി കാണപ്പെടുന്നു. ഞാൻ വിശ്വസിക്കുന്നു അവർ നേരായി വിശ്വസിക്കുന്നില്ല, പ്രാർത്ഥനയിൽ കുറവ് - വിശുദ്ധിയിൽ ജീവിക്കുന്നവർ വേണ്ടുവോളം പ്രാർത്ഥിക്കുന്നു.

പലരുടെയും പിന്മാറ്റത്തിനു കാരണമെന്ത്? ഞാൻ വിശ്വസിക്കുന്നത്, പൊതുവായ തത്വം അനുസരിച്ചു, പ്രധാന കാര്യങ്ങളിൽ ഒന്ന്, വ്യക്തിപരമായ പ്രാർത്ഥനയിൽ കുറവ്, പിന്മാറ്റക്കാർ മുട്ടിന്മേൽ നിൽക്കുന്നു, നാളുകൾക്ക് മുമ്പ് ആളുകളുടെ ദൃഷ്ടിയിൽ അവർ പിൻമാറ്റക്കാരായിരുന്നു.

J.C.Ryle

മധുരം ഒഴുക്കേണമേ

ഓർക്കുക, ഇതൊരു വെറുക്കപ്പെട്ടകാര്യമല്ല, എന്നാൽ, ഇതൊരു വിശുദ്ധ, സ്വർഗ്ഗീയ സത്യങ്ങളുടെ ഗൗരവതരമായ ധ്യാനമാണ്, അത് നമുക്ക് മാധുര്യവും അനുഗഹിക്കപ്പെട്ടതുമായ ഒരു കാര്യമാണ്. അത് തേൻ ശേഖരിക്കാൻ പുറപ്പെട്ട പൂവിനെ തൊടുന്ന ഒരു തേനീച്ചയുടെ അനുഭവമല്ല; അതിൽ അല്പ സമയം വസിച്ച് അതിൽ നിന്നും മധുരമുള്ള തേൻ ഊറ്റിയെടുക്കുന്ന അനുഭവമാണ്: ഒരുവൻ ധാരാളം സംസാരിച്ചതുകൊണ്ടുമായില്ല, എന്നാൽ ധാരാളം ധ്യാനിക്കുന്നവൻ അവൻ ശക്തനായ ഒരു വിശ്വാസി ആയിരിക്കും.

Thomas Brooks